# ജാമക്കാരൻ

WATCHMAN

കാവൽക്കാരൻ

VOLUME - 2 ISSUE - 4

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരെ,

നിങ്ങൾ ഏവർക്കും ക്രിസ്തുവിന്റെ അതുല്യനാമത്തിൽ സ്നേഹവന്ദനങ്ങൾ അറിയിക്കുന്നു. നിങ്ങൾ ഏവരുടേയും ആഗ്രഹപ്രകാരം 2016 ജനുവരി മുതൽ എല്ലാ മാസവും ജാമക്കാരൻ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ സന്തോഷം. അതിനായിട്ടെന്നെ ഉത്സാഹപ്പെടുത്തിയവർക്കും പണം അയച്ചു സഹായിച്ചവർക്കും നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ ആത്മീക ചോദ്യങ്ങൾക്കെല്ലാം മറുപടി പറയാനും, നിങ്ങളുടെ കുടുംബ പ്രശ്നങ്ങൾക്ക് ആലോചന നൽകാനും മാത്രമാണ് ഈ മാസിക പ്രസിദ്ധീകരിക്കുന്നത്.

❖ കഴിഞ്ഞ മാസത്തെ മാസികയിൽ ഞാൻ സൂചിപ്പിച്ചതുപോലെ പരിശുദ്ധാത്മാവിനെക്കുറിച്ചും, വ്യാജമായിപ്പറയുന്ന അന്യഭാഷയെക്കുറിച്ചും ഈ April മാസം മുതൽ തുടർന്നു ഞാൻ എഴുതും. ആ വിഷയം എഴുതി പൂർത്തിയാക്കിയശേഷം പുസ്തകമായി പ്രസിദ്ധീകരിക്കുന്നതാണ്.

❖ ജനുവരിമാസം ഗൾഫ് പ്രദേശങ്ങൾക്കും അമേരിക്ക, യു.കെ. പോയി വന്നശേഷം ഇതുവരെ ആർക്കും മറുപടി അയക്കാൻ തിരക്ക് കാരണം സാധിക്കാതെ പോയി. വരുന്ന ദിവസങ്ങളിൽ തീർച്ചയായിട്ടും എല്ലാവർക്കും മറുപടി എഴുതും. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ

**ഡോ. പുഷ്പരാജ്**

APRIL 2016

# അന്യഭാഷാഭാഷണം

അനേകവർഷങ്ങളായി അന്യഭാഷാഭാഷണത്തിന്റെ ഏതുമില്ലായ്മയെയും അത് ചൊല്ലുവാൻ പരിശീലിപ്പിക്കുന്നവരുടെ കാപട്യത്തെയും കുറിച്ച് കാവൽക്കാരനിൽ എഴുതി വരുന്നു. വായനക്കാരിൽ ഭൂരിപക്ഷം പേരും ആ ലേഖനങ്ങളെ ഏറെ ഇഷ്ടപ്പെട്ടു. അവ പുസ്തകമാക്കി പ്രസുദ്ധീകരിക്കണമെന്ന് വായനക്കാർ വീണ്ടും വീണ്ടും ആവശ്യപ്പെട്ട് തളർന്നു.

എന്റെ വയസ്സു കൂടുംതോടും മരണം അടുത്തുവരുന്നു എന്നല്ലേ അർത്ഥം. അതുകൊണ്ട് എന്റെ മരണത്തിന് മുമ്പായി ഈ അത്മീയ സത്യം അറിയിക്കുകയും ചിലരെയെങ്കിലും ഈ ദുരുപദേശത്തിൽ നിന്ന് വീണ്ടെടുക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

അന്യഭാഷാഭാഷണത്തെകുറിച്ചുള്ള ഈ പുസ്തകം കാവൽക്കാരൻ മാസികയിലൂടെ വായനക്കാരിൽ എത്തിയശേഷം പുസ്തകരൂപത്തിൽ മറ്റുള്ളവർക്ക് വില്പനയ്ക്ക് കൊണ്ടുവരും. വിദേശത്തുള്ള വായനക്കാർ ഈ പുസ്തകം ആംഗലഭാഷയിൽ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടേയിരിക്കുന്നു.

ജർമ്മനിയിലുള്ള ഡച്ച് ഭാഷ സംസാരിക്കുന്ന ശുശ്രൂഷകർ വളരെ താൽപര്യത്തിൽ ആംഗല ഭാഷയിൽ പുസ്തകം വന്നശേഷം അവരുടെ ചെലവിൽ തന്നെ ഡച്ച് ഭാഷയിൽ മൊഴിമാറ്റം ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള പ്രസിദ്ധീകരണ അവകാശം പല വർഷങ്ങൾക്ക് മുമ്പ് തന്നെ രേഖാമൂലം വാങ്ങി.

വളരെ നാളുകൾക്കു ശേഷം ഇതിനുള്ള അവസരം ഈ 2016 ൽ കർത്താവ് എനിക്ക് നൽകിയിരിക്കുന്നു. കർത്താവിന് മഹത്വമുണ്ടാകട്ടെ.

## അന്യഭാഷാഭാഷണ കുഴപ്പം

അന്യഭാഷണത്തെകുറിച്ച് എഴുതുന്നതിന് മുമ്പ് ഈ കപട അന്യഭാഷണത്തെ കൊണ്ടുവന്ന പെന്തക്കോസ്ത് പ്രസ്ഥാനത്തെക്കുറിച്ച് നിങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്നു.

## പെന്തക്കോസ്ത് എന്നാൽ എന്ത് ?

ശാബത്ത് ശനിയാഴ്ചയാണ്. പെസഹാ ആചരണത്തിന് ശേഷം വരുന്ന 7 ാമത്തെ ശനിയാഴ്ച ശാബത്തിന് അടുത്ത ദിവസം വരുന്ന ഞായറാഴ്ച പെസഹാ ആചരണത്തിന്റെ 50 ാം ദിവസമാണ്. ഇത് ആഴ്ചയുടെ ഒന്നാം ദിവസമാണ്. ഈ ദിവസത്തിലാണ് പരിശുദ്ധാത്മാവിന്റെ അവരോഹണം യെരുശലേമിലെ മാളികമുറിയിൽ കാത്തിരുന്ന ശിഷ്യൻമാരുടെ മേൽ ഉണ്ടായത്. പുതിയനിയമസഭ അന്നുണ്ടായി.

## പെന്തക്കോസ്ത് ഉത്സവത്തെ,

- **കൊയ്ത്ത് പെരുനാൾ - പുറ 23:16**
- **വാരോത്സവം - പുറ 34:22; വേല്യ 23:17, ആവ 16:10**
- **ആദ്യഫല ദിവസം - സംഖ്യാ 28:26 എന്നീ പേരുകളിലും വിളിച്ചിരുന്നു.**

# പെന്തക്കോസ്ത് സഭ

യഹൂദരുടെ ഉത്സവങ്ങളിലൊന്നായ പെന്തക്കോസ്ത് ദിവസത്തിലായിരുന്നു ക്രിസ്തീയ സഭ ഉരുവായത്. പെന്തക്കോസ്ത് ദിവസത്തിൽ ആരംഭിച്ചിട്ടുപോലും കർത്താവിന്റെ ശിഷ്യന്മാർ ആ സഭയ്ക്ക് പെന്തക്കോസ്ത് സഭ എന്ന് വിളിച്ചില്ല.

സുവിശേഷം അറിയിച്ചാണ് ശിഷ്യൻമാർ സഭകൾ തുടങ്ങിയത്. ശിഷ്യന്മാരുടെ ശുശ്രൂഷയിലൂടെ യഹൂദൻമാരും പുറജാതികളും കർത്താവിനെ വിശ്വസിച്ച് സഭകൾ പെരുകിക്കൊണ്ടിരുന്നു. ആദ്യം യഹൂദന്മാരും പിന്നെ അക്രൈസ്തവരും യേശുക്രിസ്തുവിനെ അംഗീകരിച്ച് ദൈവമായി വിശ്വസിച്ചു. വിശ്വസിച്ചവർ "ശിഷ്യന്മാരായി". അന്തോക്യ എന്ന തുറമുഖപട്ടണത്തിൽ വച്ചാണ് ക്രിസ്തു ശിഷ്യരെ ആദ്യമായി 'ക്രിസ്ത്യാനികൾ' എന്ന് വിളിച്ച് തുടങ്ങിയത്. അപ്പോ. പ്ര. 11:26.

ഒത്തുകൂടിയ ശിഷ്യന്മാർ മറ്റ് പലരെയും വിശ്വാസത്തിലാക്കി. അവരിലൂടെ സഭകൾ ഉളവായിക്കൊണ്ടിരുന്നു. അങ്ങനെ ആരംഭിച്ച സഭകളിൽ ഒന്നിനുപോലും അപ്പോസ്തലന്മാരുടെ പേരുകൾ നല്കിയിരുന്നില്ല .

ഇന്ന് St. Stephens Church, St. Peter Church, St. Andrew Church , St. Michael Church, St. Pavls Church എന്നും പ്രൊട്ടസ്റ്റന്റ് സഭകൾക്ക് തുടക്കകാരനായ മാർട്ടിൻ ലൂഥറിന്റെ പേരിൽ ലൂഥറൻ സഭകൾ എന്നിങ്ങനെ സഭകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പേരുകളെ വച്ച് ഓരോരുത്തരും അഭിമാനിച്ചുകൊണ്ടിരിക്കുന്നു.

സുവിശേഷവുമായി കടന്നുവന്ന മിഷനറിമാരുടെ പേരും സഭകൾക്ക് വച്ചുകൊണ്ടിരിക്കുന്നു. ഏത് നാട്ടിൽ നിന്ന് മിഷനറികൾ കടന്നുവന്നുവോ ആ നാട്ടിന്റെ പേരും സഭകൾക്ക് വയ്ക്കുന്നു. ലണ്ടനിൽ നിന്ന് വന്ന മിഷനറികൾ ആരംഭിച്ച സഭകൾക്ക് ലണ്ടൻ മിഷൻ സഭ എന്നും, ഡെൻമാർക്കിലെ മിഷനറികൾ ആരംഭിച്ച സഭ ഡേനിഷ് മിഷൻ സഭ എന്നും, അമേരിക്കൻ മിഷൻ സഭ, ഫിലഡെല്ഫിയ സഭ, കൊറിയൻ സഭ തുടങ്ങി എന്തെല്ലാം പേരുകൾ വച്ചു. മറ്റ് ചിലർ കർത്താവിനുള്ള പല പേരുകളിൽ സഭ തുടങ്ങി. ഇമ്മാനുവേൽ ചർച്ച്, ക്രൈസ്റ്റ് ചർച്ച്, ചർച്ച് ഓഫ് ഗോഡ് ഇങ്ങനെ പല പേരുകളിൽ ലോകമെങ്ങും സഭകൾ പ്രവർത്തിച്ചുവരുന്നു.

പൗലോസ് പറയുന്നത് ശ്രദ്ധിക്കുക! 1കൊരി 3:4–9 "ഒരുത്തൻ: ഞാൻ പൗലോസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ ഞാൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ ? അപ്പല്ലോസ് ആർ? പൗലോസ് ആർ? തങ്ങൾക്ക് കർത്താവു നല്കിയതു പോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിതീർന്ന ശിശ്രൂഷക്കാരത്രേ. ഞാൻ നട്ടു അപ്പല്ലോസ് നനച്ചു. ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും. നനയ്ക്കുന്നവനും ഒരു പോലെ. ഓരോരുത്തന് ഒത്തവണ്ണം കൂലികിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം".

ഇതിന്റെ അർത്ഥം: സുവിശേഷം അറിയിച്ചവരായ പൗലോസ്, അപ്പല്ലോസ് എന്നിവരാൽ ഞങ്ങൾ കർത്താവിനെ സ്വീകരിച്ചു എന്ന് അഭിമാനിക്കുന്നതിൽ ഒന്നുമില്ല എന്ന് പൗലോസ് പറയുന്നു: അക്കാലത്ത് ശിഷ്യന്മാരുടെ പേരിൽ സഭകൾ തുടങ്ങാൻ ആലോചനകൾ നടന്ന സമയത്താണ് ലേഖനമെഴുതി ആ ഉദ്യമത്തിൽ നിന്ന് അവരെ പിൻതിരിപ്പിച്ചത്.

അപ്പോസ്തലിക കാലത്ത് ശിഷ്യന്മാരുടെ പേരിലല്ല മറിച്ച് ഏത് സ്ഥലത്താണോ സഭകൾ നിലനിന്നത് ആ പേരിൽ വിളിക്കപ്പെട്ടു. ഉദാ: എഫെസോസ് സഭ, തെസ്സലോനിക്യ സഭ, മക്കദോക്യ സഭ, ലവോദിക്യ സഭ etc………..

അപ്പോസ്തലിക കാലത്ത് സഭകൾ എങ്ങനെയിരിക്കണം, എങ്ങനെ വിളിക്കപ്പെടണം എന്നൊക്കെ ശക്തമായ നിയമാവലികൾ ഉണ്ടായിരുന്നു.

എന്നാലിന്ന്, തങ്ങളുടെ ഇഷ്ടപ്രകാരം സഭയ്ക്കു പേര് വയ്ക്കുന്നു. ബ്രദ്റൺ സഭ, ചർച്ച് ഓഫ് ക്രൈസ്റ്റ്, ബാപ്റ്റീസ്റ്റ് സഭ, സ്ട്രിക്റ്റ് ബാപ്റ്റിസ്റ്റ് സഭ തുടങ്ങി പല പേരുകൾ. തങ്ങളാണ് ആദ്യ യഥാർഥ സഭ എന്ന് വിളിക്കുന്നു. സഭകളുടെ പേരുകൾ തിരക്കിയാൽ അത് വളരെ രസാവഹമായിരിക്കും.

## കപട പെന്തക്കോസ്ത് സഭകൾ

1901 ാം വർഷം അമേരിക്കയിൽ നടന്ന മുഴുരാത്രി പ്രാർത്ഥനാ ഗ്രൂപ്പിൽ ഒരു സ്ത്രീ പ്രാർത്ഥനക്കിടെ അപശബ്ദങ്ങൾ പുറപ്പെടുവിച്ചു. ഇതാണ് അപ്പോസ്തലിക കാല അന്യഭാഷ എന്ന് തെറ്റിദ്ധരിച്ചു ഒരുകൂട്ടം.

മാനസാന്തരപ്പെട്ട്, രക്ഷിക്കപ്പെട്ട് വചനാനുസരണ ശുശ്രൂഷയും ജീവിതവുമുണ്ടായിരുന്ന അനേകം സഭകൾ അക്കാലത്തുണ്ടായിരുന്നു. മറ്റ് സഭകളിൽ നിന്ന് തങ്ങളുടെ സഭയെ തിരിച്ചറിയേണണ്ടതിനും, തങ്ങളാണ് ശരിയായ ക്രിസ്ത്യാനികൾ എന്ന് അറിയിക്കേണ്ടതിന്നുമായി മുഖ്യമായ അടയാളമായി അന്യഭാഷാഭാഷണത്തെ അവതരിപ്പിച്ചു.

പെന്തക്കോസ്ത് ദിനത്തിൽ പരിശുദ്ധാത്മ അവരോഹണത്തിൽ യെരുശലേമിൽ കൂടിയിരുന്ന ശിഷ്യന്മാർ സംസാരിച്ച അന്യഭാഷ ചരിത്രത്തിൽ നിർണ്ണായകമായ ഒരു സംഭവമത്രേ!

### Penticostal Churches Started on 1947

തങ്ങളുടെ സഭ ചരിത്രത്തിലെ പെന്തക്കോസ്ത് സംഭവത്തിന്റെ ആവർത്തനമാണെന്നും അതിനാൽ ഇതാണ് ശരിയായ സഭയെന്നും ഇവർ തങ്ങളിൽ തന്നെ കരുതി. കരുതിയതിനെ മറ്റുള്ളവർ മനസ്സിലാക്കണമെന്ന ആഗ്രഹത്തിൽ പല കാര്യങ്ങളെ പെരുപ്പിച്ച് കാട്ടുകയും ചെയ്യുന്നു.

പെന്തക്കോസ്ത് പ്രസ്ഥാനം അന്നുമുതൽ ഇന്നുവരെ പിളർന്നുകൊണ്ടേയിരിക്കുന്നു. പല പേരുകളിൽ അറിയപ്പെടുന്നു. സിലോൺ പെന്തക്കോസ്ത് സഭ (TPM), ഇന്ത്യൻ പെന്തക്കോസ്ത് സഭ (IPC), പുൾ ഗോസ്പഭ പെന്തക്കോസ്ത് സഭ (FGPC), അസംബ്ലീസ് ഓഫ് ഗോഡ് പെന്തക്കോസ്ത് സഭ (AG) തുടങ്ങി ധാരാളം പേരുകളിൽ ഇവർ വ്യത്യാസപ്പെടുമെങ്കിലും ഒരു കാര്യത്തിൽ (കപട അന്യഭാഷാഭാഷണത്തിൽ) ഐക്യമുള്ളവരാണ്.

## അർധ സത്യത്തിൽ പിറന്ന പെന്തക്കോസ്ത് സഭ

ലോകത്തിലെ പെന്തക്കോസ്ത് സഭകളുടെ അടിസ്ഥാനങ്ങളിലൊന്ന് കപട അന്യഭാഷാഭാഷണമത്രേ! സഭയുടെ പാസ്റ്റർ മുതൽ വിശ്വാസികൾ വരെ അന്യഭാഷാഭാഷണം എന്ന പേരിൽ കള്ളം കാണിക്കുന്നു.

തലമുറകളായി പെന്തക്കോസ്ത് സഭയിൽ നിൽക്കുന്നവർക്ക് തങ്ങൾ സംസാരിക്കുന്നത് കള്ളം എന്ന് അറിയാതെ സംസാരിക്കുന്നു. എന്തുകൊണ്ട് അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു? എങ്ങനെയാണ് ഈ അപശബ്ദങ്ങൾ വരുന്നത്? ഇതിൽ എനിക്കും മറ്റുള്ളവർക്കും എന്ത് പ്രയോജനം ? ഇതിലൂടെ കർത്തൃനാമം മഹത്വപ്പെടുമോ? അന്യഭാഷാഭാഷണത്തിന്റെ ആവശ്യകത എന്ത്? ബൈബിളിൽ ഇതിനെക്കിറിച്ച് എന്ത് പറയുന്നു? എന്നൊന്നും ഇവർ അന്വേഷിക്കുന്നില്ല ; ചിന്തിക്കുന്നില്ല.

ഇക്കൂട്ടത്തിൽ പഠിത്തമുള്ളവർ പോലും ഞാൻ സംസാരിക്കുന്ന അന്യഭാഷ ആവശ്യമുള്ളതാണോ? അർത്ഥം മനസ്സിലാകാത്ത ഈ ഭാഷണം എന്തിന്? എന്നൊന്നും ചിന്തിക്കുന്നില്ല. പലരും ഈ വിഷയത്തെക്കുറിച്ച് ചിന്തിക്കാനും, സംസാരിക്കാനും, ചോദ്യങ്ങൾ ചോദിക്കാനും ഭയപ്പെടുന്നു.

സഭ നടത്തുന്ന പാസ്റ്റേഴ്സിനറിയാം തങ്ങൾ സംസാരിക്കുന്ന അന്യഭാഷ ശരിയായതല്ലെന്ന്. അതേ തെറ്റായ അന്യഭാഷാഭാഷണം വിശ്വാസികളെയും ചൊല്ലാൻ വച്ച്, അവരെ അരഭ്രാന്തന്മാരാക്കി അവരുടെ അപശബ്ദങ്ങളെയും ചേഷ്ടകളെയും കണ്ട് രസിക്കുന്നു. ഇതിലൂടെ തങ്ങൾക്ക് വരാൻപോകുന്ന ആപത്തിനെക്കുറിച്ച് പാസ്റ്റേഴ്സ് ചിന്തിക്കുന്നില്ല. അന്യഭാഷയെന്ന മയക്കത്തിൽ ജനം ആകർഷിക്കപ്പെടുന്നു. ജനം അധികമധികമായി കൂട്ടം കൂടുന്നു.

ജനങ്ങളുടെ ഭ്രാന്തിന്റെ തോതിനെ കൂട്ടുവാൻ ശ്രമിക്കുന്നതല്ലാതെ, വചനം വായിച്ച്, ചിന്തിച്ച്, ധ്യാനിച്ച് വ്യക്തത നേടുവാൻ ശ്രമമൊന്നും എടുക്കുന്നില്ല. ശ്രമിച്ചാൽ സത്യം പുറത്തു വരും. സത്യം മനസ്സിലാക്കിയാൽ അന്യഭാഷാഭാഷണം എന്ന പേരിലുള്ള അപശബ്ദങ്ങൾ നിറുത്തേണ്ടിവരും. വിശ്വാസികൾ അന്യഭാഷയെന്ന പേരിലുള്ള അപശബ്ദങ്ങൾ നിർത്തിയാൻ പാസ്റ്ററുടെ ജോലി പോകും.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് കല്പിക്കാത്തത്, ശിഷ്യന്മാർ ഉപദേശിക്കാത്തത്, ബൈബിൾ പഠിപ്പിക്കാത്തതുമായ ഈ കാര്യത്തിന്റെ സത്യാവസ്ഥ അറിഞ്ഞിട്ടും ജനങ്ങളെ സന്തോഷിപ്പിക്കാനായി ചെയ്യുന്ന ഈ ചെപ്പടിവിദ്യ നൂറ്റിന് നൂറ് അസത്യമാണ്. അതാണ് പെന്തക്കോസ്ത് സഭകൾ അർധസത്യ സഭകൾ എന്ന് പറഞ്ഞത്.

## ആരും അന്യഭാഷ സംസാരിച്ചവരല്ല

ബൈബിൾ നമ്മുടെ കൈകളിൽ എത്തിച്ച ആരും തന്നെ അന്യഭാഷ സംസാരിച്ചവരല്ല. ബർത്തലെമേയൂ സീഗൻ ബാൽഗ്, വില്യം കേറി, Dr. വില്യം കാൽഡ്വൽ, Dr. ഹെർമൻ ഗുണ്ടർട്ട്, ക്ലാഡിയസ് ബുക്കാനൻ, ബെഞ്ചമിൻ ബെയ്ലി തുടങ്ങി ഇവരാരും അന്യഭാഷ സംസാരിച്ചില്ലല്ലോ!

ഒരിക്കൽകൂടെ ആവർത്തിക്കട്ടെ, കർത്താവ് കല്പിക്കാത്തതും, അപ്പോസ്തലന്മാർ ഉപദേശിക്കാത്തതും, ബൈബിൾ പഠിപ്പിക്കാത്തതുമായ അന്യഭാഷാഭാഷണത്തിന്റെ സത്യാവസ്ഥ അറിഞ്ഞിട്ടും കാപട്യമായി ജനങ്ങളെ വഞ്ചിക്കുന്നു. അതുകൊണ്ടാണ് പെന്തക്കോസ്ത് സഭകൾ അർധ സത്യസഭകൾ എന്ന് പറയുന്നത്.

രക്തസാക്ഷികളായ ആരും അന്യഭാഷ സംസാരിച്ചിരുന്നില്ല. വേദപുസ്തകം വിവർത്തനം ചെയ്ത ദൈവദാസന്മാർ അന്യഭാഷ സംസാരിച്ചിട്ടില്ല. അവർ അത് ശുശ്രൂഷാ രംഗത്ത് അവതരിപ്പിച്ചിട്ടുമില്ല.

## അന്യഭാഷ സംസാരിച്ചില്ലെങ്കിൽ അംഗമല്ല

ഇങ്ങനെയൊരു വ്യവസ്ഥ പെന്തക്കോസ്ത് സഭയിൽ ഉണ്ട്. അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ബൈബിൾ കോളേജിന്റെ അപേക്ഷ ഫോമിൽ അന്യഭാഷ അടയാളം ഉണ്ടെങ്കിലേ അഡ്മിഷൻ ലഭിക്കുകയുള്ളൂ.

രണ്ട് തലമുറകളായി AG സഭയിൽ തുടരുന്ന ഒരു കുടുംബത്തെ എനിക്കറിയാം. ആ കുടുംബത്തിലെ ഇളയ മകന് സംഗീതത്തിൽ ഏറെ താല്പര്യമുണ്ട്. അവന്റെ ആഗ്രഹപ്രകാരം Keyboard പഠിക്കുകയും അതിൽ നിപുണത്വം നേടുകയും ചെയ്തു. AG സഭായോഗങ്ങളിൽ Keyboard വായിക്കാനും തുടങ്ങി.

രണ്ട് ആഴ്ച സഭായോഗങ്ങളിൽ Keyboard വായിച്ചു. എല്ലാവർക്കും ഇഷ്ടപ്പെട്ടു. ഒരു ദിവസം യുവജനങ്ങളുടെ മീറ്റിങ്ങിൽ സാക്ഷ്യം പറയാൻ പാസ്റ്റർ ആവശ്യപ്പെട്ടു. തന്റെ മാനസാന്തരവും രക്ഷയും സാക്ഷ്യമായി പറഞ്ഞു. ശനിയാഴ്ച രാത്രി പാസ്റ്റർ ആ Keyboardist ന്റെ വീട്ടിൽ ചെന്ന് ഇപ്രകാരം പറഞ്ഞു: "നിങ്ങളുടെ മകന്റെ സാക്ഷ്യം കേട്ടു. പക്ഷേ ആത്മാഭിഷേകം അന്യഭാഷാ അടയാളത്തോടുകൂടി പ്രാപിച്ച കാര്യം പറഞ്ഞില്ല". പിതാവ് ഇപ്രകാരം മറുപടി പറഞ്ഞു: "അതേ എന്റെ മകൻ ഇതുവരെ അഭിഷേകം പ്രാപിച്ചിട്ടില്ല, അന്യഭാഷ സംസാരിക്കുന്നുമില്ല". ഉടനെ പാസ്റ്റർ:"അങ്ങനെയെങ്കിൽ നാളെമുതൽ സഭായോഗങ്ങളിൽ Keyboard വായിക്കണ്ട എന്ന് പറയാനാണ് വന്നത്" എന്ന് പറഞ്ഞു. ആ ചെറുപ്പക്കാരൻ ഏറെ വിഷമത്തിലും സങ്കടത്തിലുമായി. മനസ്സിൽ വെറുപ്പായി.

പിതാവ് മകനോട് പറഞ്ഞു:"നീ ഇന്നും ജീവിതം കളിയെന്ന് കരുതിക്കൊണ്ടിരിക്കുന്നു. അന്യഭാഷയിൽ എത്രയും വേഗം സംസാരിക്കണമെന്ന് എത്ര തവണ പറഞ്ഞു. നീ കേട്ടില്ല".

മകന്റെ വെറുപ്പ് കൂടി. ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ കുടുംബ പ്രാർത്ഥനയിൽ എല്ലാവരും ചേർന്ന് സ്തോത്രം ചെയ്യവേ ഈ ചെറുപ്പക്കാരൻ അന്യഭാഷയിൽ സംസാരിച്ചു. എല്ലാവർക്കും ഏറെ സന്തോഷം.

ഉടനെ തന്നെ പിതാവ് പാസ്റ്ററോട് എന്റെ മകന് അഭിഷേകം ലഭിച്ചു എന്നറിയിച്ചു. പാസ്റ്ററും സന്തോഷിച്ചു.

ആരാധനയ്ക്ക് ശേഷം എല്ലാവർക്കുമായി പാസ്റ്റർ പതിവുപോലെ പ്രാർത്ഥിച്ചുകൊണ്ടിരിക്കേ ഈ ചെറുപ്പക്കാരന്റെ തലയിലും കൈവച്ച് പ്രാർത്ഥിച്ചു ആ ചെറുപ്പക്കാരൻ അന്യഭാഷ സംസാരിക്കാനും തുള്ളാനും തുടങ്ങി. അടുത്ത ആഴ്ച മുതൽ Keyboard വായിക്കാൻ പാസ്റ്റർ ആവശ്യപ്പെട്ടു.

ഏറെക്കുറെ 7 വർഷങ്ങൾ ആ സഭയിൽ Keyboard വായിച്ചു. വിദേശത്ത് ജോലി ലഭിച്ചു. ആ യുവാവ് ജോലി ചെയ്ത സ്ഥലത്ത് എന്റെ യോഗങ്ങൾ ക്രമീകരിച്ചിരുന്നു. ആ യോഗങ്ങളിൽ പരിശുദ്ധാത്മാവിനെയും വരങ്ങളെപ്പറ്റിയും പ്രസംഗിച്ചു. ആദ്യ ദിനത്തിൽ തന്നെ ഒരിക്കൽക്കൂടെ കർത്താവിനായി സമർപ്പിച്ചു. പകൽ വേളയിലെ കൗൺസിലിംഗിനായി എന്റെ അടുക്കൽ വന്നു. നിങ്ങളുടെ സന്ദേശം എന്റെ ജീവിതത്തിൽ മാറ്റം വരുത്തി. പക്ഷേ എന്റെ മനസ്സിൽ ഒരു കുറ്റബോധം വന്നുകൊണ്ടിരിക്കുന്നു. താൻ ഒരു AG സഭാംഗമെന്നും, രക്ഷിക്കപ്പെട്ട വിധവും, സഭയിൽ Keyboard വായിക്കുന്നതിൽ ഏർപ്പെട്ട തടസ്സങ്ങളും അതിന് പരിഹാരമായി അന്യഭാഷ സംസാരിച്ചതും പങ്കുവച്ചു. അന്ന് സംസാരിച്ചത് കൃത്രിമമായി സൃഷ്ടിച്ചതാണെന്നും, Keyboard നയിക്കാനുള്ള താല്പര്യത്തിൽ ഇങ്ങനെ ചെയ്തതെന്നും സമ്മതിച്ചു. പിതാവ് വിശ്വസിച്ചു; എന്റെ പാസ്റ്റർ വിശ്വസിച്ചു. എന്റെ ആഗ്രഹം നിറവേറി.

ഇന്നലെയുള്ള നിങ്ങളുടെ "കൃത്രിമ ജീവിതം" എന്ന സന്ദേശം തൊട്ടു Keyboard വായിക്കാനുള്ള ആഗ്രഹത്തിൽ പരിശുദ്ധാത്മാവിനെ പറ്റിച്ചതിന് ദൈവം എന്നോട് ക്ഷമിക്കുമോ? ആ സഭയിൽ പോയാൽ വീണ്ടും ഞാൻ അന്യഭാഷ സംസാരിക്കേണ്ടിവരും.

ഞാൻ ആ യുവാവിന് വചനത്തിൽ നിന്ന് സത്യം തെളിയിച്ച് കൊടുത്തു. നിന്റെ പിതാവും, പാസ്റ്ററും സംസാരിക്കുന്ന അന്യഭാഷ വചനാനുസൃതമല്ലെന്ന് തെളിയിച്ചു. അത് ശരിയാണെന്ന് സമ്മതിച്ചു. അവൻ മാത്രമല്ല അവന്റെ College mates ഉം പാസ്റ്ററുടെ അന്യഭാഷയെ റ്റേപ്പ്റിക്കാർഡറിൽ ശബ്ദലേഖനം ചെയ്ത് വീട്ടിൽ വച്ച് കേട്ട് ചിരിക്കും. യുവാവ് ഇങ്ങനെ തുടർന്നു:"അപ്പോൾ മുതൽ പാസ്റ്റർ എത്ര വലിയ കാപട്യമാണ് കാണിക്കുന്നത് ഞങ്ങളെല്ലാവരും പങ്കുവച്ചു. അന്യഭാഷാ സംസാരിച്ചാലേ Keyboard വായിക്കാൻ പറ്റൂ എന്ന് പാസ്റ്റർ പറഞ്ഞ നേരം മുതൽ പാസ്റ്റർ പറഞ്ഞ വാക്കുകളെ എന്റെ മനസ്സിൽ നിർത്താൻ തുടങ്ങി. അദ്ദേഹം ചെയ്യുന്നതു പോലെ ഞാനും

സംസാരിച്ചപ്പോൾ വിശ്വസിച്ചു. അന്നുതൊട്ട് എനിക്ക് സഭയിൽ ഉണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെട്ടു, മനസ്സ് വേദനപ്പെട്ടു."

ആ യുവാവ് വിവാഹിതനായി മക്കളുമായി. ഇത്രയും കാലം ജനത്തിനായി അന്യഭാഷ സംസാരിച്ചുകൊണ്ടിരുന്നു. നിങ്ങളുടെ ആലോചനയ്ക്കുശേഷം അന്യഭാഷാ ഭാഷണം നിർത്തി. എന്റെ കുടുംബാംഗങ്ങൾക്ക് സത്യം പറഞ്ഞ് കൊടുത്തുകൊണ്ട് സഭയിലും പോകുന്നു.

ഈ ലേഖനം വായിക്കുന്ന നിങ്ങൾ ഒരു പെന്തക്കോസ്ത് സഭാ വിശ്വാസിയാണെങ്കിൽ ടേപ്പ് റിക്കാർഡറിലോ, മൊബൈലിലോ നിങ്ങളുടെ പാസ്റ്റർ സംസാരിക്കുന്ന അന്യഭാഷയെ ചില ആഴ്ചകൾ റെക്കോർഡ് ചെയ്യുക. പിന്നെ ഇട്ട് കേൾക്കുക. അപ്പോൾ അറിയാം വാക്കുകൾ ആവർത്തിച്ച് വരുന്നത്.

പലരും അന്യഭാഷയിലൂടെ പിശാചിനെ വിരട്ടിവരുന്നു. പിശാചിനെ അന്യഭാഷയിലൂടെ വിരട്ടുന്നവർ എന്തൊക്കെയോ അപശബ്ദങ്ങൾ പുറപ്പെടുവിച്ചശേഷം ഇടക്കിടെ Go, Go എന്ന് ഇംഗ്ലീഷ് പദവും പ്രയോഗിക്കുന്നു.

ഇവർ അന്യഭാഷ എന്ന പേരിൽ നടത്തുന്ന ഷോ ദൈവത്തിന് വേദനയും പിശാചിന് ആനന്ദവും കൂട്ടുന്നു. അപശബ്ദങ്ങൾ സഹിക്കാൻ വയ്യാതെ പിശാച് മാറുന്നു എന്ന് കരുതേണ്ടിയിരിക്കുന്നു. എത്ര വലിയ വഞ്ചന! ഇത് സത്യമാണെന്ന് വിശ്വസിക്കുന്ന പഠിച്ച മഠയന്മാരുടെ കൂട്ടം.

## അന്യഭാഷയുടെ ഉപ ഉല്പന്നങ്ങൾ

അന്യഭാഷാഭാഷണം എന്ന അസത്യത്തിൽ പിറന്ന ശിശുവത്രേ – പേര് വിളിക്കൽ ശുശ്രൂഷ.

- "ആരാണീ മനോഹരൻ? റ്റി. വി ക്കു മുമ്പിൽ വളരെ ഭാരത്തോടെ ഇരിക്കുന്നത് കർത്താവ് എനിക്കു കാട്ടിതന്നു" എന്ന് പറഞ്ഞത് കള്ളമെന്ന് തെളിഞ്ഞിരിക്കുന്നു. കാരണം ഒരേ പ്രോഗ്രാമിനെ രണ്ട് തവണ റ്റി. വി യിൽ സംപ്രേഷണം ചെയ്താൽ അതെങ്ങനെ സത്യമാകും?
- "എയ്ഡ്സ് സുഖമാക്കുന്നത് കാണുന്നു. യേശു ഇറങ്ങിവന്നു. ഗോപാൽ എന്ന് പേരുള്ള നിന്റെ തലയിൽ യേശു കൈവയ്ക്കുന്നത് കാണുന്നു. എയ്ഡ്സ് രോഗാണുക്കൾ തലയിൽ നിന്ന് പാദം വഴി ഭൂമിയിലേക്ക് ഇറങ്ങുന്നത് കാണുന്നു. നീ സുഖമായി" എന്ന് പറഞ്ഞത് എത്ര Doctors നെക്കൊണ്ട് പരിശോധിപ്പിച്ചു. "ഡയബെറ്റിക് അസുഖത്തിൽ നിന്ന് സൗഖ്യമായി" എന്നിങ്ങനെയുള്ള പ്രവചനങ്ങളും സാക്ഷ്യങ്ങളും അത്രയും കള്ളമെന്ന് തെളിഞ്ഞിരിക്കുന്നു.

**താഴെ വീഴ്ത്തൽ; അന്യഭാഷയിൽ ചിരിക്കൽ**

- വിരൽ നീട്ടുമ്പോൾ, കൈ നീട്ടുമ്പോൾ, ഊതി എന്നീ നിലകളിൽ വീഴ്ത്തലുകൾ എല്ലാം അന്യഭാഷാഭാഷണത്തിൽ നിന്നാണ് ആരംഭിച്ചത്.
- അന്യഭാഷ സംസാരിച്ച് ചിരിച്ചുകൊണ്ടേയിരിക്കുന്നവർ – ക്രമേണ ഭ്രാന്തന്മാരായി മാറിക്കൊണ്ടിരിക്കുന്നു.
- ഇങ്ങനെ എല്ലാ കള്ള സാക്ഷ്യങ്ങളുടെ ആരംഭം അന്യഭാഷ സംസാരിക്കുന്നവരിൽ നിന്നാണ്. ഒരു വ്യക്തിയ്ക്ക് പാട്ട് പാടി, പ്രാർത്ഥിച്ച്. പ്രാർത്ഥനയ്ക്കിടെ അന്യഭാഷ കൂടി സംസാരിക്കാൻ അറിയാമെങ്കിൽ പുതിയ സഭ തുടങ്ങാം. ഇവർക്ക് ബൈബിൾ പരിജ്ഞാനം വേണമെന്നില്ല. ഇവർ ജനങ്ങളെ വചനത്തിൽ വഴിനടത്താതെ പാട്ട് പാടി ഉന്മാദാവസ്ഥയിലാക്കി നടത്തുന്നു. പെന്തക്കോസ്ത് സഭകളിലെ ഭൂരിപക്ഷം

പാസ്റ്റർമാരും വചന നിശ്ചയം ഇല്ലാത്തവരത്രേ. ഇവർ ബൈബിൾ സ്കൂളുകളിൽ പോയി പഠിച്ചവരല്ല. ഇവരുടെ സഭകളിൽ ശബ്ദകോലാഹലം, പാട്ട്, തപ്പ്, താളം, മേളം തുടങ്ങി ഒരു Event show ആണ് നടക്കുന്നത്. ഈ സഭകളിലെ വിശ്വാസികളുടെ ആത്മീയ നിലവാരം അത്യന്തം പരിതാപകരമാണ്. കർത്തൃവരവിനായി ഈ ജനങ്ങളെ എങ്ങനെ തയ്യാറാക്കും? പെന്തക്കോസ്ത് സഭകളിലെ ഭൂരിപക്ഷം പാസ്റ്റർമാരാൽ ദൈവനാമം ദുഷിക്കപ്പെടുന്നു. ദൈവനാമത്തിന് ഇകഴ്ച്ച വരത്തക്കരീതിയിൽ വിശ്വാസികളും നടത്തപ്പെടുന്നു.

## അന്യഭാഷയുടെ ചരിത്രാരംഭം

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പിന്നെ മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചു (ഉല്പ 2:7). ഇവരിലൂടെ മനുഷ്യവർഗ്ഗം വളർന്നു. പെരുകി.

നോഹയുടെ കാലമായപ്പോഴേക്കും ജനം പാപത്തിൽ വളർന്നു. ദൈവത്തിന് വേദനയുണ്ടാക്കി (ഉല്പ 6:6). പാപത്തിന്റെ തോത് കൂടിയതിനാൽ മനുഷ്യരെ നശിപ്പിക്കാൻ ദൈവം തീരുമാനിച്ചു. എന്നാൽ ദൈവ ഭയവും ഭക്തിയുമുള്ള നോഹയ്ക്ക് ദൈവ ദൃഷ്ടിയിൽ കൃപ ലഭിച്ചു. ഒരു വലിയ കപ്പൽ നിർമ്മിക്കാൻ ആവശ്യപ്പെട്ടു. നോഹയുടെ കുടുംബത്തെയും ജീവനുള്ള ജന്തുക്കളെയും രക്ഷിക്കാൻ ദൈവം തീരുമാനിച്ചു. ദൈവനീതിയുടെയും രക്ഷയുടെയും (പ്രസംഗ) കാലാവധി തീർന്നപ്പോൾ എല്ലാറ്റിനെയും കപ്പലിൽ കയറ്റി ദൈവം വാതിൽ അടച്ചു. 40 ദിവസം ലോകം അന്നുവരെ കാണാത്ത പേമാരി പെയ്തു. ലോകം മുഴുവൻ വെള്ളത്താൽ നിറഞ്ഞു. അങ്ങനെ ജലത്താൽ ലോകത്തെ ന്യായം വിധിച്ചു.

ഇനി ദൈവം ഭൂമിയെ നശിപ്പിക്കുന്നത് തീ കൊണ്ടാണ്. പിന്നെ ഈ ഭൂമി ശേഷിക്കില്ല. അതിന് ശേഷം പുതുതായ ഭൂമിയാണുണ്ടാവുക.

നോഹയുടെ 3 മക്കളിലൂടെ മനുഷ്യർ പിന്നെയും പെരുകി. ഭൂമിയെ നിറച്ചു. പിന്നെയും സ്വന്തം വഴികളിൽ നടന്ന് പാപം പെരുകി ദൈവത്തിന് വേദനയുണ്ടാക്കി.

അപ്പോൾ വരെ ലോകം മുഴുവൻ ഒരേ ഭാഷയാണ് ജനം സംസാരിച്ചുകൊണ്ടിരുന്നത്. (ഉത്പ 11:1)

അക്കാലത്ത് തങ്ങളുടെ പേരിനും പെരുമയ്ക്കുമായി ആകാശം തൊടുന്ന ഒരു ഗോപുരം പണിയാൻ തീരുമാനിച്ച്, പണിയും തുടങ്ങി. തങ്ങളുടെ ഈ പദ്ധതിയെ ആർക്കും തടുക്കാനാകില്ല എന്ന അഹങ്കാരം കൊണ്ട് നിറഞ്ഞു. ദൈവഹിതത്തിനെതിരായി – ഭൂമി മുഴുവൻ നിറയ്ക്കണം എന്ന ദൈവേഷ്ടം നിറവേറ്റാതെ – പൈശാചിക പദ്ധതി നിറവേറ്റിയതിനാൽ അവർ അവർ ഭൂമിയിലെങ്ങും ചിതറി പാർക്കേണ്ടതിനായി അവരുടെ ഭാഷയെ കലക്കികളഞ്ഞു.

ഒരു നിമിഷത്തിൽ അവരുടെ ഉച്ചാരണം മാറി, വാക്കുകൾ മാറി, ആശയങ്ങൾ മാറി, ചിന്തകൾ മാറി പരസ്പരം പറയുന്നത് എന്തെന്ന് മനസ്സിലാകാതെയായി. ഉള്ളിൽ ഭയവും പരവേശവുമുണ്ടായി. അവർക്ക് ഒരിടത്ത് തുടരാനാകാതെയായി. എന്താണോ അവരെ യോജിപ്പിച്ചത് അത് അവരെ വേർപ്പിരിക്കുന്നതായി മാറി. ലോകം മുഴുവൻ ചെന്നു ചേരുവാൻ കാരണമായി.

## പൂർവ്വ പിതാക്കന്മാരുടെ കാലം

ഓരോ കാലത്തും ദൈവത്തെ ഭയപ്പെട്ട് അവിടുത്തെ വഴിയിൽ നടക്കുന്ന കുറച്ചുപേർ ഉണ്ടായിരുന്നു. അബ്രഹാം, യിസഹാക്ക്, യാക്കോബ്, യോസേഫ് തുടങ്ങി ചിലർ. ഇവരെ യിസ്രായേൽ ജനം/യഹൂദ ജനത എന്ന് വിളിച്ചുവരുന്നു.

യോസേഫിന്റെ കാലശേഷം സത്യദൈവ ആരാധകരായ യിസ്രായേൽ ജനത്തിന് നേരിടേണ്ടി വന്നത് ഒരു അന്ധകാരകാലത്തേക്കാണ്. (പുറ 1:8). പൗരത്വമുള്ള ജനം അടിമകളായി മാറി. കഷ്ടങ്ങളുടെ കാളരാത്രിയായിരുന്നു അവരുടെ ജീവിതം. ഇതിനിടയ്ക്കും അവർ പെറ്റ് പെരുകി. ഇവരുടെ ജനസംഖ്യാ പെരുപ്പം രാജാവിന് അമ്പരപ്പും ആശങ്കയും നല്കി. ഈജിപ്തിലെ ഭരണം യഹൂദ ജനതയുടെ കൈകളിലാകുമോ എന്ന് രാജാവ് ഭയപ്പെട്ടു. ഭയം ആക്രമണത്തിൽ കലാശിച്ചു. അതിനുശേഷമുള്ള ചരിത്രം വേദപുസ്തകത്തിൽ നിന്ന് വായിക്കുക.

ജനം മാനസാന്തരപ്പെട്ട് ദൈവത്തെ നിലവിളിച്ചതിനാൽ മോശയെ എഴുന്നേല്പ്പിച്ച് ഈജിപ്റ്റിലെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രമായി 40 വർഷം നീണ്ട യാത്രക്കുശേഷം വാഗ്ദത്തം ചെയ്ത കനാൻ ദേശത്തിൽ ദൈവം അവരെ കൊണ്ട് ചേർത്തു. മോശയ്ക്കുശേഷം ആരോൻ, യോശുവ എന്നിവർ ജനത്തെ വഴിനടത്തിയെങ്കിലും അവർ ദൈവത്തിന് വിരോധമായ വഴികളിലൂടെ നടന്നു നീങ്ങി.

## ന്യായാധിപന്മാരുടെ കാലം

ദൈവ മനസ്സിന് വേദനയുണ്ടാക്കിയതിനാൽ ദൈവ പരിപാലനം ലഭിക്കേണ്ടതിന് ന്യായാധിപൻമാരെ അവർക്ക് നൽകി. പലരും ന്യായപാലനം ചെയ്തെങ്കിലും പാപം ചെയ്ത് അവനവൻ തന്റെ തന്റെ വഴികളിൽ നടന്നു ( ന്യായ 21:25).

## രാജാക്കൻമാരുടെ കാലം

തങ്ങൾക്ക് ന്യായാധപന്മാർ  വേണ്ടാ, രാജാക്കന്മാർ മതി എന്ന് ജനം കടുംപിടിത്തം തുടങ്ങി. ദൈവത്തിന് മനസ്സില്ലെങ്കിലും ജനത്തിന്റെ അപേക്ഷ പരിഗണിച്ച് ശൗലിനെ ആദ്യ രാജാവാക്കി. അതിനു ശേഷമുള്ള ചരിത്രം വേദപുസ്തകത്തിൽ നിന്ന് വായിക്കുക.

## പ്രവാചകന്മാരുടെ ശുശ്രൂഷ

അനുസരണയില്ലായ്മയാൽ ഓരോ കാലത്തും പാപത്തിൽ പെരുകുന്ന കാഴ്ച നമുക്ക് കാണാം. പ്രവാചകന്മാരെ അയച്ച് നേതാക്കളെയും ജനങ്ങളെയും മുന്നറിയിപ്പ് നല്കിക്കൊണ്ടിരുന്നു. ജനം മാനസാന്തരപ്പെട്ടില്ല. എന്നു മാത്രമല്ല പ്രവാചകന്മാരെ കൊല്ലാനും തുടങ്ങി (മത്താ 23:29–33).

## യേശുക്രിസ്തുവിന്റെ കാലം

തന്റെ സ്ഥാനാപതികളെയും, പ്രവാചകന്മാരെയും അയച്ചിട്ട് കേൾക്കാത്തതിനാൽ തന്റെ പുത്രനിലൂടെ സർവ്വമാനവ ജനതയ്ക്കും സത്യം, ധർമ്മം, നീതി എന്നിവയുടെ സത്‌വർത്തമാനം – സുവിശേഷമായി -അറിയിച്ചു.

പാപത്തിൽ പെരുകിയ മനുഷ്യന് അവൻ നശിക്കുന്നതിന് മുമ്പ് നല്കിയ അവസാന അവസരമാണ് – യേശുക്രിസ്തു. സർവ്വ പ്രശ്നങ്ങൾക്കും കാരണമായ പാപത്തെ നീക്കി ഏവരെയും, ഏതിനെയും ഒന്നാക്കുക എന്ന ബ്രഹത്ത് പദ്ധതിയാണ് ക്രിസ്തുവിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാപത്തിന് പകരം പുണ്യം, താഴ്ചയ്ക്ക് പകരം ഉയർച്ച, മരണത്തിന് പകരം ജീവൻ, സന്താപത്തിന് പകരം സന്തോഷം.

ഇതിന് പാപപരിഹാരം നടക്കേണ്ടതാവശ്യമാണ്. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപവിമോചനം ഇല്ല (എബ്രാ 9:22). എകന്റെ ലംഘനത്താൽ പാപം ലോകത്തിൽ പ്രവേശിച്ചതുപോലെ ഏകന്റെ അനുസരണത്താൽ പാപം പോക്കാനും ദൈവത്തിന്

തിരുമനസ്സായി. അതിന് സ്വന്തം പുത്രനെ അഭിഷേകം ചെയ്ത് – പരിഹാരമായി – ലോകത്തിലേക്ക് അയച്ചു.

ദൈവത്തിന്റെ നിർണ്ണയത്താൽ കർത്താവ് മരിച്ചു. അടക്കം ചെയ്യപ്പെട്ടു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. പാപപരിഹാരമായി. താൻ ഉയിർത്തെഴുന്നേറ്റത് ആയിരങ്ങൾക്ക് തെളിയിച്ചു. സ്വർഗ്ഗലോകം ചെന്നു. ഇന്നും വിശ്വസിക്കുന്നവർക്ക് പാപപരിഹാരം നല്കിക്കൊണ്ടിരിക്കുന്നു.


**STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)**

1. Title of the news paper : **JAMAKKARAN**
2. Language(s) in which it is published : **TAMIL / MALAYALAM**
3. Place of publication : 89,Majeeth Street, Old Suramangalam, Salem - 636 005.
4. Periodicity of its publication : Monthly
5. Printer's name : M.Velu
   (whether citizen of India) : Indian
   Address : P.M.Press, 168,Arumuga Nagar, Salem-636 005
6. Publisher & Editor's name : **Dr.M.G.E.PUSHPARAJ**
   (whether citizen of India) : Indian
   address : 89,Majeeth Street, Old Suramangalam. Salem - 636 005

I, **Dr.M.G.E.PUSHPARAJ** hereby declare that the particulars given above are true to the best of my knowledge and belief.

Dated: 10.3.2016

**Dr.M.G.E.PUSHPARAJ**

Salem - 5

Signature of Publisher & Editor


## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, ജഉഎ വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ–മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ–മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ–മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ–മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

# ദൈവത്തിന്റെ സ്നേഹിതൻ അനുസ്മരണം


**(നന്ദി: ജീവിത ദൗത്യം)**

**ഈപ്പൻ മാത്യു, കോഴഞ്ചേരി**

1980 മെയ്മാസം ഒന്നാംതിയ്യതി സ്വന്തം നിലയ്ക്ക് ആദ്യമായി ഒരു മേൽപ്പട്ടക്കാരന്റെ നാമകരണം നിർവ്വഹിക്കുമ്പോൾ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ ഗദ്ഗദകണ്ഠനായി. ആ ഗദ്ഗദത്തിനിടെ പുറത്തേക്കൊരു പേരൊഴുകി: സഖറിയാസ് മാർ തെയോഫിലസ്. മെത്രാപ്പോലീത്ത ആകുന്നതിനു മുമ്പ് താൻ വഹിച്ചിരുന്ന അലക്സാണ്ടർ മാർ തെയോഫിലസ് എന്ന പേരിന്റെ ഒരംശം കൂടിയാണ് അദ്ദേഹം പുതിയ എപ്പിസ്കോപ്പായ്ക്കു പകുത്തു നൽകിയത്. **ഉമ്മൻ കോരുത്** എന്ന പേരിന്റെ ഒരംശവും നിലനിർത്താതെ സഭ നൽകിയ പേരുമായി പുതിയൊരു യാത്ര അവിടെ ആരംഭിക്കുകയായി.

മെത്രാൻ സ്ഥാനലബ്ദി നന്നായി ആസ്വദിച്ച ആദ്യനാളുകളിലൊന്നിൽ അദ്ദേഹം ഒരുസംഘം വിദ്യാർത്ഥികളോടു പറഞ്ഞു: ഇനിയും ജനങ്ങളാണ് ശരിക്കും പുതിയ മെത്രാച്ചനു പേരിടുന്നത്. യൂഹാനോൻ മാർ തിമോഥയോസ് എപ്പിസ്കോപ്പയെ ജനം യൂഹാനോൻ തിരുമേനി എന്നും മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയെ മാത്യൂസ് തിരുമേനി എന്നും വിളിച്ചു; അലക്സാണ്ടർ മാർ തെയോഫിലസ് ജനങ്ങൾക്കു തെയോഫിലസ് തിരുമേനി ആയപ്പോൾ തോമസ് മാർ അത്താനാസ്യോസ്, തോമസ് തിരുമേനിയും ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, ക്രിസോസ്റ്റം തിരുമേനിയും **ജോസഫ് മാർ ഐറേനിയ്, ഐറേനിയസ് തിരുമേനിയും** ഈശോ മാർ തിമോഥയോസ് തിരുമേനി ഈശോ തിരുമേനിയുമായി. 'ഞാൻ സഖറിയാസ് ആയിരിക്കുമോ തെയോഫിലസ് ആയിരിക്കുമോ?' എല്ലാവരും പറഞ്ഞു, സഖറിയാസ് ആകാനാണു സാദ്ധ്യത. ലേശം രഹസ്യഭാവത്തിൽ അദ്ദേഹം ചോദിച്ചു: **'തെയോഫിലസ്** തിരുമേനി എന്ന പേരൊന്നു ഓട്ടത്തിലാക്കിത്തരാമോ? എനിക്കതാണിഷ്ടം'. എന്താ അതിനോടിത്ര ഇഷ്ടം എന്നും വെളിപ്പെടുത്തി: ദൈവത്തിന്റെ കൂട്ടുകാരൻ എന്നും 'ദൈവം സ്നേഹിച്ചവൻ' എന്നുമാണതിനർത്ഥം. ആ വിളിപ്പേരു കിട്ടാൻ മറ്റൊരു സൂത്രവും ഒപ്പിച്ചു. യുവദീപത്തിൽ യുവജനസഖ്യം പ്രസിഡന്റിന്റേതുമായി ആരംഭിച്ച കോളമെഴുത്തിൽ എല്ലായ്പ്പോഴും 'നിങ്ങളുടെ തെയോഫിലസ് മെത്രാച്ചൻ' എന്നു തന്നെയെഴുതി. എന്നിട്ടും പതിഞ്ഞു കിട്ടിയ പേര് സഖറിയാസ് തിരുമേനി എന്നു തന്നെ. അതിനെപ്പറ്റിയും പറഞ്ഞു ഒരു കമന്റ്: ഞാൻ മാത്രമായി അങ്ങനെ 'ദൈവം സ്നേഹിച്ചവൻ' ആകണ്ടാ എന്നാണു ജനനിശ്ചയം. ആയ്ക്കോട്ടെ, ദൈവം എല്ലാവരേയും സ്നേഹിക്കുന്നവനാണല്ലോ'.

ചരമപ്രസംഗങ്ങളും എല്ലായ്പ്പോഴും നിറയുക സ്തുതി വചനങ്ങളും വ്യാജസ്തുതികളുമായിരിക്കും. ഈ കുറിപ്പിന്റെ ലക്ഷ്യമതല്ല. ജീവിച്ചിരിക്കെ സഖറിയാസ് മാർ തെയോഫിലസ് മെത്രാച്ചൻ നവീകരണ വേദിയുടെയും 'ദൗത്യ'ത്തിന്റെയും വിമർശനങ്ങൾക്കു വിധേയനായിട്ടുണ്ടെങ്കിൽ അതെല്ലാം മറന്നുകൊണ്ടുള്ള മരണാനന്തര സ്തുതി കാപട്യമാകും. ജീവിച്ചിരിക്കുന്ന ഒരാളിൽ നിന്നും എന്താണ് സമൂഹം പ്രതീക്ഷിക്കുന്നതെന്നും ആ പ്രതീക്ഷകൾ എത്രമാത്രം സഫലമായി എന്നതിന്റെ വിലയിരുത്തൽ മരണാന്തരംപോലും ഉണ്ടാകും എന്നുമുള്ളതിന്റെ അടിസ്ഥാനത്തിൽ ഓരോ ജീവിതവും മരണവും ജീവിച്ചിരിക്കുന്ന മറ്റുള്ളവർക്ക് മാതൃകയും പ്രചോദനവുമാരകണം. അനുസ്മരണങ്ങൾ അതിനുപകരിക്കാതെ പോയാൽ ഉന്നതസ്ഥാനത്തു കയറിപ്പറ്റിയാൽ മരണത്തോടെ തെറ്റുകൾ മണ്ണിൽ മറഞ്ഞുപോകും എന്ന അലംഭാവമാകും ഫലം.



ഒരുപാട് ഗുണങ്ങളുടെ വിളനിലം തന്നെയായിരുന്നു അദ്ദേഹം. ശാന്തവും ദീപ്തവുമായ മുഖം ആ മനസ്സിന്റെ കണ്ണാടി തന്നെയായിരുന്നു. പുതിയ ആശയങ്ങളേയും സംവാദങ്ങളേയും തുറന്ന മനസ്സോടെ കേൾക്കാനുള്ള സന്നദ്ധത അദ്ദേഹത്തിന് എല്ലായ്പ്പോഴുമുണ്ടായിരുന്നു. എല്ലാം അറിയാമെന്നുള്ള ഭാവത്തോടെ മറ്റുള്ളവരിൽനിന്നും വരുന്ന നിർദ്ദേശങ്ങളേയും വ്യത്യസ്ത അഭിപ്രായങ്ങളേയും പുച്ഛിച്ചുതള്ളുന്ന സ്വഭാവമായിരുന്നില്ല അദ്ദേഹത്തിന്റേത്. അതു മാത്രമല്ല, തന്നെക്കുറിച്ചുമുള്ള വിമർശനങ്ങൾക്കു നേരെയുള്ള സഹിഷ്ണുതയും എടുത്തു പറയേണ്ടതുണ്ട്. നേരിൽ സംസാരിക്കുവാൻ സമയദൗർഭല്യമുള്ള സന്ദർഭങ്ങളിൽ രാത്രിയിൽ ഫോൺ ചെയ്താൽ മതി. എത്ര ദീർഘമായുള്ള സംഭാഷണവും ക്ഷമയോടെ കേൾക്കും. വിമർശനങ്ങൾക്കു നൽകിയ മറുപടി മനസ്സിലാകാതെ വീണ്ടും പ്രതികരിച്ചാലോ തൃപ്തികരമല്ലെന്ന നിലപാടിൽ നിന്നാലോ വിശദീകരണങ്ങൾക്കു വീണ്ടും തയ്യാർ. 'നിങ്ങൾ പറയുന്നതാണു ശരി; പക്ഷേ എനിക്ക് പരിമിതികളുണ്ട്' എന്നു സത്യസന്ധമായി പറയേണ്ടി വന്നിട്ടുള്ള സന്ദർഭങ്ങളുമേറെ. ഈ പ്രതിപക്ഷ ബഹുമാനവും വിനയവും ദൗർബല്യമായി കരുതരുത് എന്ന് അദ്ദേഹത്തിന് ആരോടും പറയേണ്ടി വന്നിട്ടുള്ളതായി അറിവില്ല. മുൻവിധികളും തലമുറകളുടെ വിടവും അശേഷമില്ലാത്തതായിരുന്നു യുവജനങ്ങളിൽ അദ്ദേഹം അർപ്പിച്ചിരുന്ന വിശ്വാസവും പ്രതീക്ഷയും. യുവതലമുറ 'പോക്കാണ്' എന്ന് എല്ലാ തലമുറകളിലേയും യാഥാസ്ഥിതികരും 'നീതിമാന്മാരും' വിശ്വസിച്ചിരുന്നുവെങ്കിൽ ഈയടുത്ത സമയത്ത് ഒരു പ്രത്യേക സന്ദർഭത്തിൽ തന്നെ വിമർശിച്ച ഒരു ചെറുപ്പക്കാരനെ ഉദാഹരിച്ചുകൊണ്ട് ചെറുപ്പക്കാരെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, "They are all like great grandfathers in wisdom" (അവരൊക്കെ മുതുമുത്തച്ഛന്മാരെപ്പോലെ പരിജ്ഞാനമുള്ളവരാണ്) എന്നാണ്.

സഖരിയാസ് മെത്രാച്ചനു മുന്നിൽ ഒരു പ്രശ്നവുമായി എത്തിയാൽ പരിഹാരം ശാന്തമായും സുചിന്തിതമായും രൂപപ്പെടും. രണ്ടു കക്ഷികളുള്ള വഴക്കാണെങ്കിൽ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ **കൂടുതൽ വിട്ടുവീഴ്ച ചെയ്യേണ്ടി വരുന്ന** ആളിനുപോലും അത് സ്വീകാര്യമായിരിക്കും. കാരണം, ക്ഷമയോടുള്ള കേഴ്‌വിക്കുശേഷം ഇരു കക്ഷികളുടേയും പൂർണ്ണ പങ്കാളിത്തത്തോടെ ഉരുത്തിരിഞ്ഞു വരുന്ന ഒരു പരിഹാരനിർദ്ദേശമായിരിക്കും അത്. എപ്പിസ്കോപ്പയായി നിയോഗിക്കപ്പെടുമ്പോൾ പ്രവർത്തിച്ചുവരുന്ന കോഴഞ്ചേരി ഇടവകയിൽ അദ്ദേഹം വികാരിയായിരുന്ന കാലത്ത് കോഴഞ്ചേരി സെന്റ് തോമസ് കോളജിലെ പല വിദ്യാർത്ഥി–രാഷ്ട്രീയ സംഘട്ടനങ്ങൾക്കും ആത്യന്തിക പരിഹാരമുണ്ടാക്കി, പുലിപോലെ പരസ്പരം പോരാടിച്ചുനിന്നവരെ, അവരുടെ രാഷ്ട്രീയ ചേരികൾ നിലനിൽക്കെത്തന്നെ തോളിൽ കയ്യിട്ടു നടക്കുന്ന ചങ്ങാതിമാരാക്കി പറഞ്ഞയച്ചിട്ടുണ്ട്. നിലനിൽക്കുന്ന സമൂഹത്തിലെ സ്വാധീനമാകാൻ സഭയ്ക്കു കഴിയണമെന്ന ദർശനത്തോടെ അതിനാവശ്യമായ സന്ദേശങ്ങൾ പള്ളി പ്രസംഗങ്ങളിലൂടെ ഉയർന്നിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ മാത്രമല്ല, സമൂഹത്തിന്റെ ആവശ്യങ്ങൾക്കൊത്ത സന്ദേശവും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാനുതകുന്ന പ്രതിമാസകൂടിയിരിപ്പുകൾ ഇടവകയിലെ സഹപട്ടക്കാരോടൊത്ത് നടത്തിയിരുന്നു. അക്കാലത്ത് കോഴഞ്ചേരി ടൗണിൽ പടർന്നുപിടിച്ച ഒരു സംഘർഷ പരമ്പര ഒരു ചെറുപ്പക്കാരന്റെ കൊലപാതകത്തിൽ കലാശിച്ചു. ആ സാഹചര്യം പരിഹരിക്കുന്നതിനായുള്ള പ്രാർത്ഥനായജ്ഞമായി തുടർന്നുവന്ന ഞായറാഴ്ചയിലെ ആരാധന മാറി. താൻ പണ്ട് കണ്ട ഒരു നാടകത്തിലെ സംഭാഷണം ഉദ്ധരിച്ചുകൊണ്ടാണ് ഉമ്മൻകോരുത് അച്ചൻ വികാരനിർഭരമായ അന്നത്തെ പ്രസംഗം അവസാനിപ്പിച്ചത്; അതിങ്ങനെയായിരുന്നു: ‘കൊല്ലരുതു മോനേ, കൊല്ലരുത്’.... തുടർന്ന് ഇടവക പട്ടക്കാർ വിളിച്ചുചേർത്ത അനുരഞ്ജനക്കൂട്ടത്തിലാണ് സംഘട്ടനങ്ങൾ പൂർണ്ണമായി അവസാനിപ്പിക്കാൻ എല്ലാവരും പരസ്പരം സമ്മതിച്ചത്.

മെയ്ദിനത്തിൽ എപ്പിസ്കോപ്പയായ ഞാൻ തൊഴിലാളികളുടെ ബിഷപ്പായി അറിയപ്പെടാൻ ആഗ്രഹിക്കുന്നു എന്ന പ്രഖ്യാപനത്തോടെ സ്ഥാനമേറ്റെടുത്ത സഖറിയാസ് മാർ തെയോഫിലസ് അധികം വൈകാതെ അന്ന് വിരളവും അത്യാഡംബരത്തിന്റെ പ്രതീകവുമായിരുന്ന എയർകണ്ടീഷൻഡ് കാറിലേക്കു മാറിയതിനെ നവീകരണവേദി അതിനിശിതമായിത്തന്നെ വിമർശിച്ചു. വേദിയുടെ പ്രതിനിധികളെ ഇക്കാര്യത്തിൽ ചർച്ചയ്ക്കു വിളിച്ച അദ്ദേഹം തനിക്ക് ‘ഡസ്റ്റ് അലർജി’ ഉള്ളതുകൊണ്ടാണ് വേണ്ടിവന്നതെന്നു പറഞ്ഞതിനോടു സൈറസ് സാർ പ്രതികരിച്ചതിങ്ങനെ: ‘മെത്രാച്ചാ എന്റെ അലർജിയൊക്കെ മാറിയത് ഈറ്റവെട്ടുകാരുടെ ഇടയിൽ താമസിച്ച് ജോലിയൊക്കെ ചെയ്തപ്പഴാ. മെത്രാച്ചൻ ദിവസവും കുറേനേരം ഒന്നു കിളയ്ക്ക്...!’ അന്നത്തെ എ.സി.കാർ ഒടുവിൽ ഓടി കാറിലെത്തി. അന്നുമിന്നും അദ്ദേഹത്തിന്റെ സുഖിമാൻ ശൈലിക്കുനേരെ നവീകരണവേദിയും ‘ദൗത്യ’വും വിരൽ ചൂണ്ടിയിട്ടുണ്ട്. ആ ജീവിതശൈലി

അദ്ദേഹത്തിന്റെ ശരീരാകൃതിക്കും ആരോഗ്യത്തിനും ദോഷം ചെയ്തു എന്നതും ഒരുപക്ഷേ ഇത്ര പെട്ടെന്നുള്ള മരണത്തിനുപോലും കാരണമായി എന്നതും യാഥാർത്ഥ്യമാണ്. ശാന്തിഗിരി സ്ഥാപിക്കുന്നതിനായി ട്രസ്റ്റ് രൂപീകരിച്ചതിനേയും നവീകരണവേദി എതിർത്തിട്ടുണ്ട്. എതിർത്തവരിൽത്തെന്നെ ട്രസ്റ്റ് രൂപീകരിച്ചവരില്ലേ എന്ന മറുചോദ്യം അദ്ദേഹം ഉന്നയിച്ചിട്ടുമുണ്ട്. എല്ലാവരും ചെയ്യുന്നതെല്ലാം ചെയ്യാനല്ല ഒരാൾ എപ്പിസ്കോപ്പാ സ്ഥാനത്തേക്കു വിളിക്കപ്പെട്ടിട്ടുള്ളത്. തന്റെ ഭാഗമായി കിട്ടുന്ന കുടുംബസ്വത്ത് ഉൾപ്പെടെ എല്ലാ സ്വകാര്യ സ്വത്തും സഭയ്ക്കുള്ളതാണെന്നു സമ്മതിച്ചെഴുതിക്കൊടുത്ത ഒരു മെത്രാന് എങ്ങനെ സ്വകാര്യസ്വത്ത് വിനിയോഗിച്ച് സ്വന്തം പേരിൽ ട്രസ്റ്റ് രൂപീകരിക്കാനാവും? തങ്ങളുടെ അദ്ധ്വാനഫലമായി സമ്പാദിച്ചിട്ടുള്ളതും യഥേഷ്ടം വിനിയോഗിക്കാൻ പൂർണ്ണ സ്വാതന്ത്ര്യമുള്ളതുമായ സ്വത്ത് പൊതുനന്മയ്ക്കായി വിനിയോഗിക്കാൻ സന്നദ്ധത കാണിച്ചുകൊണ്ട് സ്വകാര്യ വ്യക്തികൾ രൂപീകരിക്കുന്ന ട്രസ്റ്റുമായി അതിനെ എങ്ങനെ താരതമ്യം ചെയ്യും എന്നതായിരുന്നു നവീകരണവേദിയുടെ മറുചോദ്യം. (അതോ മെത്രാന്മാരുടെയും സമ്പാദ്യവിനിമയ വിവരങ്ങൾ അറിയാൻ ജനങ്ങൾക്ക് അവസരമുണ്ടാകണം. വിടപറഞ്ഞ സഖറിയാസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ കണക്കുവിവരങ്ങൾ പ്രസിദ്ധീകരിക്കുകയും വേണം). ഏറ്റവുമൊടുവിൽ, വളരെ പുരോഗമനപരമായ ഉള്ളടക്കത്തോടെ ഇറങ്ങുന്ന ഭദ്രാസന പ്രസിദ്ധീകരണത്തിൽ ആഭരണ ഭ്രമത്തെ പ്രോത്സാഹിപ്പിക്കുന്ന ജ്യൂവലറി പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനേയും 'ദൗത്യം' നിശിതമായി വിമർശിച്ചിരുന്നു. ഈ വിമർശനങ്ങളെല്ലാം ഏറ്റുവാങ്ങുമ്പോഴും നവീകരണവേദി പ്രവർത്തകരുമായി ഏറ്റവും നല്ല വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഈ വിമർശനങ്ങളൊക്കെ നിലനിൽക്കുമ്പോഴും അദ്ദേഹത്തിന്റെ മുൻഗണനകൾ, നോവുന്ന ആത്മാക്കൾക്കായി നീറുന്ന ഒരു മനസ്സിനെ വെളിപ്പെടുത്തിയിരുന്നു. കമ്പ്യൂട്ടർ യുഗത്തിന്റെ ഭാശയിൽ പറഞ്ഞാൽ ഹാർഡ്‌വേറിലേറെ പ്രാധാന്യം സോഫ്റ്റ്‌വേറിനാണ് അദ്ദേഹം നൽകിയിരുന്നത്. സേഫ്റ്റ്‌വേർ പ്രവർത്തിക്കാൻ അനിവാര്യമായത്ര ഹാർഡ്‌വേറേ വേണ്ടൂ. അതുകൊണ്ട് കെട്ടിടങ്ങളേക്കാളേറെ മാനുഷികത അദ്ദേഹത്തിനു വിലപ്പെട്ടതായിരുന്നു. മനുഷ്യത്വത്തിന്റെ പ്രകാശനത്തിനാവശ്യമായ കെട്ടിടങ്ങൾ വേണ്ടിടത്ത് കെട്ടിപ്പൊക്കുകയും ചെയ്തു. അദ്ദേഹം രൂപം നൽകിയ നിരവധിയായ പ്രോജക്ടുകളെല്ലാം മനുഷ്യോന്മുഖമായിരുന്നു.

❖ **മാങ്ങാനം** തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ ഓറിയന്റേഷൻ സ്ഥാപിച്ചതിലൂടെ പഠനത്തിനു നൽകിയ പ്രാധാന്യവും മനസ്സിലാക്കാം. പത്തനാപുരം ആശാഭവൻ, മാങ്ങാനം

❖ **'മോചന' ലഹരി വിമോചന കേന്ദ്രം,**

❖ **പത്തനംതിട്ട വർക്കിംഗ് വിമൻസ് ഹോസ്റ്റൽ,**

❖ **കാൻസർ-കിഡ്നി രോഗികൾക്കായി** കരുതൽ, വൈധവ്യവും പ്രായാധിക്യവും അനുഭവിക്കുന്നവർക്കായി

❖ **മിനിസ്ട്രി റ്റു** വിഡോസ്, വിഡോവേഴ്സ് ആൻഡി ദ ഏജ്ഡ് (MIWWA),

❖ **ദളിത് ഡവലപ്പ്മെന്റ്** പ്രോജക്ട് (DDP), ഹയർ എജ്യൂക്കേഷൻ ലോൺ പ്രോജക്ട് (HELP), കുട്ടികളുടെ ബൗദ്ധിക വളർച്ചയ്ക്കുവേണ്ടിയുള്ള ബോധവൽക്കരണത്തിനായി

❖ ബോധന–ബോധധാര,

❖ **വിവാഹസഹായം (**വിസ), ഹരിപ്പാടുള്ള കാവൽ എന്നിങ്ങനെ അമ്പതോളം പ്രോജക്ടുകൾ. ഇതോടൊപ്പം ആഗോളതലം വരെയുള്ള എക്യുമെനിക്കൽ രംഗത്തെ സംഭാവനകളും അവിസ്മരണീയമാണ്.

❖ **ആന്ധ്രാപ്രദേശിലെ**

❖ **നരസാപുരം പ്രോജക്ടിനെ നാം** അടുത്തറിയേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടേയില്ലാത്ത ജനങ്ങൾ. ഒറ്റ ദിവസമെങ്കിലും വീട്ടിൽനിന്നും വിട്ടുപോയാൽ ബാലവേല ചെയ്യാൻ നിർബന്ധിതരാകുന്ന കുട്ടികൾ. ക്രിസ്തീയ വിശ്വാസത്തിൽ വന്നിട്ടുപോലും പതിമൂന്നും പതിനാലും വയസ്സാകുമ്പോൾ വിവാഹം കഴിപ്പിക്കണം എന്നത് ഏറ്റവും വലിയ ജീവിതഭാരമായി കാണുകയും പള്ളിയിൽവച്ച് അതു നടത്താൻ നിർബന്ധിക്കുകയും ചെയ്യുന്ന സമൂഹം, വീടിനുള്ളിലും സ്കൂളിനുള്ളിലും എല്ലായ്പ്പോഴും പാമ്പും തേളും കയറിവരുന്ന പ്രത്യേക ഭൂപ്രകൃതി., പൗരബോധമോ പൗരാവകാശങ്ങളോ നിലനിർത്തുക എന്നത് മുൻഗണനാക്രമത്തിന്റെ ഏഴയലത്തു വന്നിട്ടില്ലാത്ത സർക്കാർ സംവിധാനങ്ങളും ഓഫീസുകളും, ജാതി വ്യവസ്ഥയിലൂടെയല്ലാതെ ഒരു കാര്യത്തേയും മനസ്സിലാക്കാൻ അനുവദിക്കാത്ത ഫാസിസ്റ്റു ശക്തികൾ. ഈ സാഹചര്യങ്ങൾക്കു നടുവിലാണ് നരസാപുരം പ്രോജക്ട് പ്രവർത്തിക്കുന്നത്. ഭിക്ഷക്കാരുടെ കോളനിയായി വർത്തിക്കുന്ന ഒരു ഗ്രാമത്തിലെ മുപ്പതോളം കുട്ടികൾക്കു നൽകുന്ന സൗജന്യ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി അവിടെ കുടുംബമായി മിഷനറി പ്രവർത്തനം നടത്തുന്ന റവ. ഐസൺ ജോഷ്വയും സ്കൂൾ പ്രിൻസിപ്പൽ കൂടിയായ ആൻസിക്കൊച്ചമ്മയും പറയുന്നു, 'സഖറിയാസ് തിരുമേനിയുടെ പ്രത്യേക താത്പര്യം ഒന്നുകൊണ്ടു മാത്രം പ്രോജക്ട് ഇങ്ങനെ നിലനിൽക്കുന്നു' എന്ന്.

മാനുഷികമായ പരിമിതികളും ചീഞ്ഞുതുടങ്ങിയ സഭാസംവിധാനത്തിൽ എത്തിപ്പെട്ടുണ്ടായ അപചയങ്ങളും യാഥാർഥ്യമാരിക്കെത്തന്നെ ദൈവത്തിന്റെ കൂട്ടുകാരനായും കൂട്ടുവേലക്കാരനായും ജീവിതത്തെ മാറ്റിത്തീർക്കാൻ ആവുംവിധം സമർപ്പിത ശുശ്രൂഷ ചെയ്ത ആ ജീവിതത്തിന്റെ പ്രസാദാത്മക സ്മരണകൾക്കു മുമ്പിൽ പ്രണാമം. ❖❖❖❖❖

# (നല്ല ബിഷപ്പിന്റെ മരണത്തിന്റെ ശവസംസ്കാരത്തിൽ പ്രതികാരത്തിൻ ഛായ)

## സഫ്രഗന്റെ ശേഷക്രിയ ഈ നാണക്കേട് സംഭവിക്കരുതായിരുന്നു

**നിരീക്ഷണം**

**ദൗത്യം പഠനസംഘം**

ഭൗതിക ശരീരങ്ങളോടുള്ള ആദരവ് എല്ലാ കാലത്തും എല്ലാ സമൂഹങ്ങളും കാത്തുസൂക്ഷിച്ചിട്ടുള്ള ഉന്നതമായ സമീപനമാണ്. ശത്രുരാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിനിടെ വെടിയേറ്റു മരിക്കുന്നവരുടെ മൃതശരീരങ്ങളെ, വെടിവച്ചിട്ട സൈനികർ തന്നെ സല്യൂട്ട് ചെയ്ത് മാന്യമായി മാതൃരാജ്യത്തിനു തിരികെ നൽകുന്ന ഉദാത്തമായ പതിവുപോലും ലോകത്തിൽ നിലനിലക്കുന്നു. ജീവിച്ചിരുന്ന നന്മ ചെയ്തു മടങ്ങുന്നവർ ആർഭാടമല്ല ആദരവാണ് അർഹിക്കുന്നത്.

**അഭിവന്ദ്യ സഖറിയാസ് മാർ തെയോഫിലസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ** ആക്സ്മിക വേർപാട് സഭാംഗങ്ങളിൽ കൊടിയ ദുഃഖമാണുളവാക്കിയത്. എന്നാൽ ആ ഞെട്ടലിനേയും ദുഃഖത്തേയും ശതഗുണീഭവിപ്പിക്കുന്ന അനുഭവങ്ങളായിരുന്നു ദേഹവിയോഗം നടന്ന **കിംസ് ആശുപത്രി മുതൽ തിരുവല്ല എസ്.**

**സി. കുന്നിലുള്ള കബറിടത്തിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്യുന്നതുവരേയും ഉണ്ടായത്.** നമ്മിൽനിന്നും വേർപെട്ടുപോയ ഒരു സഭാപിതാവിന്റെ ഭൗതിക ശരീരത്തോടും, അദ്ദേഹത്തെ സ്നേഹിച്ചിരുന്നവരും വിയോഗ വാർത്തയറിഞ്ഞ് ഒരു നോക്കു കാണാനായി ഓടിക്കൂടിയവരുമായ ജനങ്ങളോടും ഒരിക്കലും ഇത്രയും ക്രൂരതയും നിന്ദയും അവഗണനയും പാടില്ലായിരുന്നു. ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടായ അമർഷവും സങ്കടവും സാമൂഹ്യമാദ്ധ്യമങ്ങളിലൂടെ അണപൊട്ടിയൊഴുകിയത് ഇവിടെ ആവർത്തിക്കുന്നില്ല.

പ്രസ്തുത പ്രതികരണങ്ങളെ എതിർത്തും തങ്ങളുടെ ചെയ്തികളെ ന്യായീകരിച്ചുംകൊണ്ട് ദുർബലമായ ചില വിശദീകരണങ്ങൾ ഔദ്യോഗികമായും “സഭാസ്നേഹിക”ളിൽ നിന്നും ഉണ്ടായെങ്കിലും ഒരു സഭാ പിതാവിന്റെയും ഭൗതിക ശരീരം ഔദ്യോഗിക പക്ഷത്തുനിന്നും ഇത്രയും അപമാനം ഏറ്റുവാങ്ങിയിട്ടുണ്ടാവില്ല എന്ന സത്യം അവശേഷിക്കുന്നു. സഭാ നേതൃത്വത്തിന് അതിന്റെ ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറാനാവുമില്ല.

# ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പങ്ക്

സഫ്രഗൻ മെത്രാപ്പോലീത്തായുടെ മരണാന്തര സംഭവവികാസങ്ങൾ അങ്ങേയറ്റം വഷളാക്കിയതിൽ മാർത്തോമ്മാ മെത്രാപ്പോലീത്താ വഹിച്ച പങ്ക് എത്ര അവഗണിക്കാൻ ശ്രമിച്ചാലും സാധ്യമല്ലാത്തവിധം വലുതാണ്.

❖ 2015 ഡിസംബർ മാസം 27–ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3.00 മണിയോടടുത്ത സമയത്ത് തിരുവനന്തപുരം കിംസ് ആശുപത്രിയിൽവച്ച് ദേഹവിയോഗം നടന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ താൻ സ്ഥലത്ത് എത്തിച്ചേർന്നതിനുശേഷം മരണവിവരം പുറത്തുവിട്ടാൽമതി എന്ന മെത്രാപ്പോലീത്തായുടെ കർശന നിർദ്ദേശമൂലം മരണം നടന്ന സമയം ഒദ്യോഗിക രേഖകളിൽ 5.52 ആയി. സഫ്രഗൻ മെത്രാപ്പോലീത്ത അവസാന നിമിഷങ്ങളിൽ വെന്റിലേറ്ററിന്റെ സഹായത്തോടെയായിരുന്നു ശ്വസിച്ചിരുന്നത് എന്നതുകൊണ്ട് ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത എത്തിയപ്പോഴും വെന്റിലേറ്ററിന്റെ ഉപകരണങ്ങൾ ശരീരത്തിൽനിന്നും നീക്കം ചെയ്തിരുന്നില്ല. വളരെ കോപിഷ്ടനായി, **ഇതൊക്കെ വലിച്ചുപറിച്ചു കളയാത്തതെന്താ എന്നാക്രോശിച്ചുകൊണ്ടാണ് അദ്ദേഹം മുറിയിൽ പ്രവേശിച്ചത്.**

സഫ്രഗൻ മെത്രാപ്പോലീത്തായുടെ അത്യാസന്ന നിലയറിഞ്ഞ് സ്ഥലത്തെത്തിയ മുൻ ഗതാഗത മന്ത്രി മാത്യു ടി. തോമസ് എം. എൽ.എ., ഇപ്പോഴത്തെ ഗതാഗത മന്ത്രിയുമായി ഇടപെട്ട് കേരളാ ഗവൺമെന്റിന്റെ ലോഫ്ളോർ ജന്റം ബസ് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നു. ആ ബസ് വേണ്ടെന്നായിരുന്നു മെത്രാപ്പോലീത്തായുടെ തീരുമാനം. സൗകര്യപ്രദമായ സംവിധാനങ്ങൾ പ്രസ്തുത ബസ്സിലുണ്ടായിരുന്നു. ആളുകൾക്ക് ഒരു വാതിൽവഴി കയറി ബൗദ്ധിക ശരീരംകണ്ട് അടുത്ത വാതിൽവഴി ഇറങ്ങിപ്പോകുന്നതിനുള്ള സൗകര്യം അതിൽ ലഭ്യമായിരുന്നു. പകരം കുംഭനാട് ഫെല്ലോഷിപ്പ് ആശുപത്രിയുടെ സാധാരണ ആംബുലൻസാണ് ഉപയോഗിച്ചത് (സ്വകാര്യവ്യക്തിയുടെതെന്ന പ്രചരണം ശരിയല്ല) വഴിയിൽ കിടക്കാതെ ഓടാനുള്ള നല്ല കണ്ടീഷൻ ഉണ്ടെന്നതിനപ്പുറം വിപുലമായ വിലാപയാത്രയ്ക്കുവേണ്ട യാതൊരു സംവിധാനവുമില്ലാത്ത ഒരു സാധാരണ വണ്ടി. ഗവൺമെന്റിൽനിന്നും ലഭ്യമായ വാഹനം ഉപയോഗിച്ചിരുന്നുവെങ്കിൽ ഒരു സ്ഥലത്തും ബൗദ്ധിക ശരീരം ഇറക്കിവെക്കാതെതന്നെ പൊതുദർശനം സാധ്യമാകുമായിരുന്നു എന്നുമാത്രമല്ല, നിർത്താത്ത സ്ഥലങ്ങളിൽപ്പോലും വഴിയോരങ്ങളിൽ നിൽക്കുന്നവർക്ക് കാണാൻ കഴിയുമായിരുന്നു. പിന്നീടുണ്ടായ പല അനിഷ്ഠ സംഭവങ്ങളും ഒഴിവാക്കുകയും ചെയ്യുമായിരുന്നു.

വിലാപയാത്ര കടന്നുവന്ന വഴികളിൽ ശ്രേഷ്ഠ ഇടയനെ ഒരു നോക്കു കാണുവാനും അന്ത്യോപചാരം അർപ്പിക്കുവാനും വാളകം, ഏനാത്ത്. അടൂർ, ചെങ്ങന്നൂർ തുടങ്ങി വിവിധ

കേന്ദ്രങ്ങളിൽ സഭാംഗങ്ങളും സഫ്രഗൻ മെത്രാപ്പോലീത്തായുടെ ബന്ധുക്കളും സുഹൃത്തുക്കളും ഇതര സഭകളിലേയും മതവിഭാഗങ്ങളിലേയും ജനങ്ങളും പട്ടക്കാരുമെല്ലാം മണിക്കൂറുകളോളം കാത്തുനിന്നിരുന്നു. അവരെയെല്ലാം നിരാശരാക്കി ആംബുലൻസ് നിർത്താതെ പോന്നുയെന്നുമാത്രമല്ല, വഴിയിലേക്കു കയറിനിന്നു കൈ കാണിച്ച് വാഹനം നിർത്താൻ അഭ്യർത്ഥിച്ചവരെ പുലഭ്യം പറയാൻപോലും മാർത്തോമ്മാ മെത്രാപ്പോലീത്ത മുതിർന്നു എന്നു പറയുന്നത് എത്ര സങ്കടകരവും അപലപനീയവുമാണ്. ഇത്ര തിടുക്കത്തിൽ വഴിയിൽ ആരെയും കാണിക്കാതെ ബൗദ്ധിക ശരീരം തിരുവല്ലായ്ക്ക് കൊണ്ടുവന്നത് എന്തിനായിരുന്നു? വെളുപ്പിനു മൂന്നു മണിക്കുശേഷം തിരുവല്ലയിൽ എത്തിയപ്പോൾ കൂടെ വന്നവരല്ലാതെ കാത്തു നിൽക്കാൻ ആരും ഉണ്ടായിരുന്നില്ലതാനും.

മെത്രാപ്പോലീത്തായുടെ ഏകപക്ഷീയമായ നീക്കങ്ങളെ കൊട്ടാരക്കരയിലും ചെങ്ങന്നൂരിലുമുള്ള സഭാംഗങ്ങളും പൊതുസമൂഹവും ചേർന്ന് തടയുകയും മാന്യമല്ലാത്ത രീതിയെ അതേ നാണയത്തിൽ ചെറുത്തു തോൽപ്പിക്കുകയും ചെയ്തത് സഭയ്ക്ക് ഏറെ നാണക്കേടുളവാക്കി. മെത്രാപ്പോലീത്തായ്ക്കുനേരെ ഉണ്ടായ അസഭ്യവർഷവും കൈയേറ്റ ശ്രമവും പക്വമോ ആശാസ്യമോ ആണെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല; ഞങ്ങൾ അതിൽ സന്തോഷിക്കുന്നുമില്ല. എന്നാൽ അതെല്ലാം 'വടികൊടുത്തു വാങ്ങിയ അടി'കളായിരുന്നില്ലേ എന്ന ആത്മപരിശോധനയ്ക്ക് അദ്ദേഹം എപ്പോഴെങ്കിലും തയ്യാറാകുമോ? മാത്രമല്ല, അത്തരം സംഭവങ്ങൾ ഉരുണ്ടുകൂടി വരുന്നതു കണ്ടപ്പോൾ ആൾക്കൂട്ടമന ശാസ്ത്രത്തെക്കുറിച്ചുള്ള പ്രാഥമിക ധാരണയെങ്കിലുമുള്ളവർ പ്രകടിപ്പിക്കുന്ന വിവേകം കാണിക്കാൻ അദ്ദേഹത്തിനു കഴിയാതെ പോയി. കൊട്ടാരക്കരയിൽ ഒരു സബ് ഇൻസ്പെക്ടറുടെ നേതൃത്തിൽ ആംബുലൻസ് തടഞ്ഞുനിർത്തേണ്ടി വന്നുവെങ്കിൽ തുടർന്നുള്ള സ്ഥലങ്ങളിൽ അതുണ്ടാകാതെ നോക്കുന്നതിനായി മെത്രാപ്പോലീത്തായുടെ കാർ വാഹന വ്യൂഹത്തിന്റെ ഏറ്റവും മുൻനിരയിൽ കയറി. ആൾക്കൂട്ടത്തെ സ്വയം വിരട്ടിമാറ്റി ആംബുലൻസിനു വഴിയൊരുക്കാനുള്ള 'ബുദ്ധിസാമർത്ഥ്യം' അദ്ദേഹം കാട്ടി. മന്ത്രിമാർക്ക് പൈലറ്റ് പോകുന്ന പോലീസുകാരുടെ പണി മാർത്തോമ്മാ മെത്രാപ്പോലീത്താ ഏറ്റെടുത്തെന്നർത്ഥം.

സഫ്രഗൻ മെത്രാപ്പോലീത്താ പത്തുവർഷം ഭദ്രാസന അദ്ധ്യക്ഷനായി സേവനം അനുഷ്ഠിച്ച ചെങ്ങന്നൂർ, മാവേലിക്കര ഭദ്രാസന ആസ്ഥാനത്തുള്ള തിട്ടമേൽ ട്രിനിറ്റി മാർത്തോമ്മാ പള്ളിയങ്കണത്തിൽ എത്തിയപ്പോഴാണ് ഏറ്റവും ലജ്ജാകരമായ സംഭവങ്ങൾ അരങ്ങേറിയത്. രാത്രി പന്ത്രണ്ടുമണി കഴിഞ്ഞ സമയത്തുപോലും അന്ത്യോപചാരം അർപ്പിക്കുവാനായി ജാതിമതഭേദമെന്യേ ഒഴുകിയെത്തിയ ചെങ്ങന്നൂർ നിവാസികൾ സ്വാഭാവികമായും വികാരാധീനരായിരുന്നു. എന്നാൽ തികച്ചും നിഷേധത്തോടെയാണ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഇടപെട്ടത്. മൃതദേഹം പള്ളിയിൽ ഇറക്കി വയ്ക്കാൻ സാധ്യമല്ല എന്നും

കാണേണ്ടവർ ആംബുലൻസിന്റെ ജനലിലൂടെ കണ്ടാൽമതി എന്നുമുള്ള ആക്രോശം ജനങ്ങളിൽ പ്രതിഷേധം ഉണ്ടാക്കി. നിയന്ത്രണംവിട്ട ജനക്കൂട്ടം മെത്രാപ്പോലീത്തായുടെ ബെൻസ് കാർ തടയുകയും ഉന്തിലും തള്ളിലും കാറിന് കേടുപാടുകൾ വരുത്തുകയും ചെയ്തു. തുടർന്ന് ഗെയിറ്റ് പൂട്ടുകയും പരസ്പരം ഗോ ഗോ വിളികൾ ഉയരുകയും ചെയ്തു. വളരെ ക്ഷുഭിതനായ മെത്രാപ്പോലീത്ത തന്നെ അസഭ്യം പറഞ്ഞ ഒരുവനെ അടിക്കാൻ കൈയ്യോങ്ങുകയും ഒരു പട്ടക്കാരൻ ഇടയിൽ കയറി അതേറ്റു വാങ്ങുകയും ചെയ്തു. തങ്ങൾക്കു കൈവയ്പു നൽകിയ മെത്രാപ്പോലീത്തായ്ക്കു മർദ്ദനം ഏൽക്കുന്നതു തടയാൻവേണ്ടി ചില പട്ടക്കാർക്ക് ഒരുപാടു പേരുടെ കൈവെയ്പ് ഏൽക്കേണ്ടതായും പിന്നീട് ശരീരത്തിന് എണ്ണയിട്ട് ചൂടുവയ്ക്കേണ്ടതായും വന്നു. സഭയിലെ പട്ടക്കാർ, വികാരി ജനറൽമാർ എന്നിവരിൽ ചിലർ നൽകിയ നിർദ്ദേശമൊന്നും സ്വീകാര്യമാകാഞ്ഞ മെത്രാപ്പോലീത്താ ഒടുവിൽ, 'എന്നാൽ എന്താന്നുവച്ചാൽ ചെയ്യ്' എന്നു പറഞ്ഞ് പിന്മാറിയത് രാഷ്ട്രീയക്കാരും വിഷ്ണുനാഥ് എം. എൽ.എ. കൊടിക്കുന്നിൽ സുരേഷ്എം. പി. തുടങ്ങിയ ജനപ്രതിനിധികളും ഇടപെട്ടപ്പോൾ മാത്രമാണ്. മുപ്പതിൽ താഴെ മിനിറ്റ് മാത്രം പൊതുദർശനത്തിനു വയ്ക്കാൻ അമ്പതു മിനിറ്റോളം നീണ്ടുനിന്ന വാക്പയറ്റും വെല്ലുവിളികളും കായിക ബലപരീക്ഷണവും!

ഈ രംഗങ്ങളെല്ലാം കണ്ടുനിന്ന ഇതര സഭക്കാരും ജനങ്ങളും ചോദിച്ച ഒരു ചോദ്യം മെത്രാപ്പോലീത്തായുടെ മാനസികാരോഗ്യനിലയെപ്പറ്റിയാണ്. സംസ്കാരശുശ്രൂഷയിൽ പങ്കെടുത്ത ഒരു സഹോദരീ സഭയിലെ മുതിർന്ന മെത്രാപ്പോലീത്തായും ശുശ്രൂഷയെല്ലാം കഴിഞ്ഞ് ഭക്ഷണവേളയിൽ സ്വകാര്യമായി ഇതേ ചോദ്യം ഉന്നയിച്ചു.

ഇത്തരം ഒരു പ്രവണത മുമ്പെങ്ങും സഭയിൽ കേട്ടിട്ടില്ല. എന്നാൽ ഇദ്ദേഹത്തിന്റെ കാലത്ത് ഇത് ഒരു ഒറ്റപ്പെട്ട സംഭവവുമല്ല. പല ഇടവക മീറ്റിംഗുകളിലും കൂദാശ കർമ്മങ്ങളിലും പലപ്പോഴായി നടന്ന സംഭവങ്ങൾ യൂറ്റ്യൂബിൽ ലഭ്യമാണ്. പ്രായത്തിന്റേതായ ശാഠ്യങ്ങളും അമിത ജോലിയുടെ പിരിമുറുക്കങ്ങളും ക്ഷീണവും ആകാം ഇത്തരം ഒരവസ്ഥയിലേക്ക് മെത്രാപ്പോലീത്തായെ എത്തിക്കുന്നത്. ഇത് അടിയന്തിരമായ സഭാ കൗൺസിലോ സിനഡോ ചർച്ച ചെയ്യേണ്ടതുണ്ട്.

ഇത്ര തിരക്കിട്ട് ബഹളങ്ങൾ ഒക്കെയുണ്ടാക്കി എന്തിനാണ് വെളുപ്പിനു മൂന്നു മണിക്ക് മൃതദേഹം തിരുവല്ലായിലെത്തിച്ചത് എന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രത്യേകിച്ച് വിശദീകരിക്കാനുണ്ടോ? അടുത്ത ദിവസം സമൂഹത്തിലെ വ്യത്യസ്ത നിലയിലുള്ള വ്യക്തികൾ ഒറ്റക്കും സമൂഹമായും അന്തിമോപചാരം അറിയിക്കാൻ എത്തിച്ചേർന്നു. ഈ സമയങ്ങളിലെല്ലാം സഭാഗൃഹനാഥനായി അവിടെയുണ്ടായിരിക്കേണ്ട മെത്രാപ്പോലീത്താ ചുനക്കരയിലും മാങ്ങാനത്തുമുള്ള രണ്ടു വിവാഹങ്ങൾ നടത്തിക്കൊടുക്കാൻ പോയിരുന്നു! ഈ കമ്മിറ്റ്മെന്റാണോ തലേ ദിവസത്തെ മുഴുവൻ ഹാലിളക്കത്തിനും വഴിവച്ചത് എന്നും സംശയിക്കാം.

ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. 29നു ചൊവ്വാഴ്ച നടന്ന സംസ്കാര ശുശ്രൂഷയിലും അലമ്പ് രംഗങ്ങൾ അരങ്ങേറി. പൊതുസമൂഹത്തിന്റെയും മുഖ്യധാരാ മാധ്യമങ്ങളുടെയുമെല്ലാം സാന്നിദ്ധ്യം ക്ഷണിച്ചിട്ട് മുൻകൂട്ടി നിശ്ചയിച്ച സമയം പാലിക്കാതെ എന്തൊക്കൊയോ വരുത്തിത്തീർത്തു. ഏകദേശം ഒരുമണിയോടെ അവസാനിക്കേണ്ട ശുശ്രൂഷ പതിനൊന്നരയായപ്പോഴേക്കും തീർന്നു. അതിനിടയിലുണ്ടാക്കിയ ബഹളങ്ങൾ! മെത്രാപ്പോലീത്തായുടെ മൈക്ക് ഓഫ് ചെയ്യുന്നത് പട്ടക്കാരുടെ പക്വതയായി വാഴ്ത്തപ്പെട്ട രംഗങ്ങൾ അരങ്ങേറി എന്നു പറഞ്ഞാൽ കാര്യങ്ങളുടെ ഒരു ഏകദേശ ചിത്രമായി. തിരക്കിട്ട് നടത്തിയ ആ കോലാഹലങ്ങൾക്കൊടുവിൽ ഭൗതിക ശരീരം മണിക്കൂറുകളോളം കബറിടത്തിൽ അനാഥമായിട്ടിരിക്കുകയായിരുന്നു.

# ജാമക്കാരൻ

അന്തരിച്ച മാർ തെയോഫിലോസ് സഫഗ്രൻ മെത്രാപ്പോലീത്താ ഉമ്മൻ കോരുത്ത് അവർകൾ അച്ചനായി പ്രവർത്തിച്ച കാലം തുടങ്ങി എനിയ്ക്ക് നല്ല പരിചയമുണ്ട്. മാർത്തോമാ സഭയിൽ എന്നെ സ്നേഹിക്കുന്ന രണ്ട് തിരുമേനിമാർ ഉണ്ടായിരുന്നു. ഒന്ന് തിമൊഥിയോസ് തിരുമേനി, രണ്ട് ഇപ്പോൾ  അന്തരിച്ച ഉമ്മൻ കോരുത്ത് അവർകൾ ആകുന്നു. അച്ചനായിരുന്ന കാലത്ത് ഞാൻ കൺവെൻഷനിൽ പ്രസംഗിച്ച ദിവസങ്ങളിൽ ആദ്യം സാക്ഷ്യം പറഞ്ഞത് ഉമ്മൻ കോരുത്ത് അവർകളുടെ അമ്മയാണ്. ആറു മാസത്തിനുശേഷം ആദ്യമായി സൗഖ്യം പ്രാപിച്ചു. പള്ളിയിൽ വന്ന് കുർബാന കൈകൊണ്ടതായി സാക്ഷ്യം പറഞ്ഞു.

മാർത്തോമാ സഭയിൽ എനിക്ക് മുടക്കം വന്നപ്പോൾ ഐറേനിയസ് തിരുമേനി അവർകളെകുറിച്ച് അബുദാബിയിലും പല സ്ഥലത്തു നിന്നും എഴുതിയതും അച്ചന്മാരുടെ ഭാര്യമാർ എന്നോടു അദ്ദേഹത്തെക്കുറിച്ച് അറിയിച്ച പരാതികളെക്കുറിച്ചും ഞാൻ ജാമക്കാരനിൽ എഴുതാൻ പോകുന്നു എന്ന്  എന്റെ ചിട്ട അനുസരിച്ച് മുന്നറിയപ്പ് നൽകി. ആ സമയത്തിൽ അദ്ദേഹത്തെകുറിച്ച് ജാമക്കാരനിൽ എഴുതിയാൽ മാർത്തോമാസഭയ്ക്ക് വലിയ അപമാനമായി തീരും. അതുകൊണ്ട് ഡോക്ടർ ആ വിഷയത്തെ പരസ്യപ്പെടുത്തരുത് എന്ന് ഫോണിൽ എന്നോടു വിളിച്ചു പറഞ്ഞ ഈ നല്ല ബിഷപ്പിനെ സമാധാനത്തോടെ ശവസംസ്കാരം നടത്തുവാനും, നന്മ അനുഭവിച്ച ജനങ്ങൾ അദ്ദേഹത്തെക്കുറിച്ച് പ്രശംസിച്ച് പറയാതിരിക്കാൻ പല തടസ്സങ്ങൾ മെത്രാപോലീത്ത അവർകൾ ഉണ്ടാക്കി. മരിച്ച ബിഷപ്പിനെ സ്നേഹിച്ച എല്ലാവർക്കും എനിക്കും വളരെ ദുഃഖം ഉണ്ട്. ആ നല്ല ബിഷപ്പിനെ നഷ്ടപ്പെട്ട മാർത്തോമാ സഭാജനങ്ങൾക്കും അച്ചന്മാർക്കും എന്റെ അനുശോചനം രേഖപ്പെടുത്തുന്നു. ❖❖❖❖❖❖❖❖❖❖❖❖

# പള്ളിക്കകത്ത് ബൈബിളിനു പകരം വാട്സ് ആപ്പ് ,

# മൊബൈൽ  വഴി ബൈബിൾ വചനം ഉപയോഗിക്കാമോ?

## ബൈബിളിനു പകരം ഐപാഡോ?

### വൈ. ബേബി, തിരുവനന്തപുരം

ലോകം ഇതപര്യന്തം കണ്ടിട്ടുള്ള അതുല്യമായ ഗ്രന്ഥം. പകരംവെക്കുവാൻ കഴിയാത്ത പവിത്ര ഗ്രന്ഥം. ലോകത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ടിട്ടുള്ളതും ഇപ്പോഴും തുടരുന്നതും, വായിക്കുന്നതുമായ ഗ്രന്ഥം. ഐക്യരാഷ്ട്ര സംഘടനയുടെ കണക്കനുസരിച്ച് ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്കു പരിഭാഷപ്പെടുത്തിയിട്ടുള്ള ഏക ഗ്രന്ഥം – ബൈബിൾ. ഓരോ പത്തുവർഷം കൂടുന്തോറും ശാസ്ത്രീയ ആശയങ്ങൾ തിരുത്തപ്പെടുന്നു. യാതൊരു മാറ്റവും വരാത്തതും വരുത്തുവാൻ കഴിയാത്തതുമായ ബൈബിൾ ബി.സി. 1492 നും എ.ഡി.100 നും ഇടയിൽ ദൈവത്താൽ നിയോഗം പ്രാപിച്ചു ദൈവാത്മ പ്രേരിതരായ 40 പേരാൽ എഴുതപ്പെട്ട പരിശുദ്ധവും പരിപാവനവുമായ ഗ്രന്ഥം

കാലത്തേയും നിത്യതയേയും നിർവ്വചിക്കുവാൻ കഴിയുന്ന ഏക ഗ്രന്ഥമാണിത്. കോടാനുകോടികളെ രൂപാന്തരപ്പെടുത്തിയിട്ടുള്ളതും, ഇന്നും രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമായ ആർക്കും വിലമതിക്കുവാൻ കഴിയാത്ത അമൂല്യമായ ഗ്രന്ഥം. ബൈബിൾ ഒരു മത ഗ്രന്ഥമല്ല. ദൈവശ്വാസിയമായ തിരുവെഴുത്ത്. മനുഷ്യനോടുള്ള ദൈവത്തിന്റെ സന്ദേശം. ഒരു പുരുഷായുസ്സുകൊണ്ടു പഠിച്ചുതീർക്കുവാൻ ഒരു മനുഷ്യനും കഴിയുകയില്ല. ബൈബിൾ ആശയങ്ങളെക്കുറിച്ചുള്ള എത്രയോ ഗവേഷണങ്ങൾ നടന്നിരിക്കുന്നു. നടന്നുകൊണ്ടിരിക്കുന്നു. വായിക്കുകയും, ധ്യാനിക്കുകയും ചെയ്യുന്തോറും എത്രയെത്ര പുതിയ ആശയങ്ങൾ നൽകുന്നതാണ് ഈ വിശുദ്ധ ഗ്രന്ഥം. മനുഷ്യനെ മനുഷ്യനാക്കിതീർക്കുവാൻ ആത്മീയ മനുഷ്യനാക്കി ഭൂമിയിൽ നടത്തുവാൻ ബൈബിളിനു മാത്രമേ കഴിയുകയുള്ളു.

ബൈബിളിനെ ഇല്ലാതെയാക്കുവാനും എന്നെന്നേക്കുമായി കുഴിച്ചുമൂടുവാനും ശ്രമിച്ച ഭരണകൂടങ്ങളും വ്യക്തികളും എന്നെന്നേക്കുമായി ചരിത്രത്തിൽ നിന്നും അപ്രത്യക്ഷമായപ്പോൾ ലോകത്തേ തന്നെ ഇത്രമേൽ ഇന്നും സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒരു ഗ്രന്ഥവുമില്ല. ബൈബിളിനു നേരെയുള്ള ആക്രമണങ്ങൾ തുടങ്ങിയിട്ടു എത്രയോ കാലമായി. വ്യത്യസ്ത നിലകളിൽ ആക്രമണങ്ങൾ തുടരുകയാണ്. വിജയം കണ്ടെത്തുവാൻ കഴിയാതെപോയ പിശാച് വിശ്വാസികളിലൂടെ ബൈബിളിനെ തകർക്കുവാൻ ശ്രമിക്കുന്നത് ഏതൊരു വിശ്വാസിയേയും ഭയപ്പെടുത്തുന്ന വിഷയമാണ്.

ബൈബിളിനു പകരമായി ഐപാഡുമായി ആരാധനായോഗത്തിനു വരുന്നവരുടെ എണ്ണം കേരളത്തിൽ കൂടിക്കൊണ്ടിരിക്കുന്നു. ബൈബിളിനു പകരം ഐപാഡുമായി വരുന്നവർ ഉന്നയിക്കുന്ന വാദങ്ങൾ ഒരു പക്ഷേ ന്യായമെന്ന് നമുക്കു തോന്നിയേക്കാം. എന്നാൽ ബൈബിളിനു പകരം വയ്ക്കുവാൻ കഴിയുന്ന എന്തെങ്കിലും ഭൂമിയിൽ ഉണ്ടോ.? പകരം വയ്ക്കുവാൻ കഴിയാത്ത നിസ്തുല്യമായ ദൈവവചനത്തിനുപകരം ഐപാഡും മൊബൈലുമായി വരുന്നത് ആശ്വാസ്യമാണോ? ലോകത്തിന്റെ നന്മ മാത്രമല്ല, തിന്മയും, മ്ലേച്ഛതയും ഐപാഡിലുണ്ട് എന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? എന്നാൽ ബൈബിളോ? നരഭോജിയെ നരസ്നേഹിയാക്കുന്ന–കൊടും കുറ്റവാളിയെ രൂപാന്തരപ്പെടുത്തുന്ന പട്ടണത്തിലെ പാപിനിയായ സ്ത്രീയെപ്പോലെയുള്ളവരെ രൂപാന്തരപ്പെടുത്തുന്ന അത്ഭുതഗ്രന്ഥത്തെ എല്ലാ മ്ലേച്ഛതകളുടേയും വിളനിലമായ ഐപാഡിൽ

ആവാഹിച്ചു, അതുമായി അത്യന്നതനും, അതീവ പരിശുദ്ധനുമായവന്റെ സന്നിതിയിലേക്കുള്ള വരവ്.

ഒരു പക്ഷേ, ഇന്ന് ബൈബിളിനു പകരം ഐപാഡുമായി ആരാധനക്കായി വരുന്നവർ ഇതിന്റെ ഗൗരവത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടാവുകയില്ല. കൊണ്ടു നടക്കുവാനുള്ള സൗകര്യമായിരിക്കാം അതിനവരെ പ്രേരിപ്പിക്കുന്നത്. എന്നാൽ ഈ അപകടം നാം മലസ്സിലാക്കണം. ഒരു പുതിയ തലമുറ നമ്മുടെ മുന്നിലുണ്ട്. കർത്താവ് വരാൻ താമസിച്ചാൽ നാം വെക്കുന്നതാണ് അവർക്കു മാതൃക. ബൈബിളിനു പകരമുള്ള ഇന്നത്തെ ഐപാഡും ഫോണും പത്തോ ഇരുപതോ വർഷം കഴിയുമ്പോൾ അന്നുവരുന്ന തലമുറക്ക് ഒരു തെറ്റായി തോന്നുകയില്ല. കാരണം അവർക്ക് ഓർമ്മയായ കാലം മുതൽ അവർ കണ്ടുവരുന്നത് ഐപാഡുമായി കടന്നുവരുന്ന പിതാക്കന്മാരെയായിരിക്കും. അതിന്റെ ഗൗരവം അവർക്കു മനസ്സിലാകാതെപോകും.

ഇതൊരു വലിയ അപകടത്തിലേക്കു വിശ്വാസ സമൂഹത്തെ കൊണ്ടെത്തിക്കും. ബൈബിൾ ആവശ്യമില്ലാത്ത ഒരു തലമുറ. ഐപാഡിലൂടെ ലോകത്തിന്റെ മ്ലേച്ഛതയും കണ്ടു സഭയിൽ ഇരിക്കുന്ന ഒരു തലമുറയെക്കുറിച്ച് ചിന്തിക്കുവാൻപോലും നമുക്കു കഴിയുകയില്ല. എന്നാൽ അങ്ങിനെ സംഭവിച്ചാൽ പിശാചിന് സന്തോഷിക്കുവാൻ മറ്റെന്തുവേണം ? വിശ്വാസ സമൂഹത്തെ ഒരു വലിയ നാശത്തിലേക്കു കൊണ്ടെത്തിക്കുകതന്നെ ചെയ്യും.

ഉല്പ.: 9.21–ൽ ഭക്തനായ നോഹ വീഞ്ഞു കുടിച്ചു ലഹരിപിടിച്ച് കിടക്കുന്നതിനെക്കുറിച്ച് വായിക്കുന്നു. ദൈവത്തിന്റെ വലിയ ന്യായവിധിയെ നേരിൽ കാണുവാൻ കഴിഞ്ഞ വ്യക്തി. ആ കാലഘട്ടത്തിൽ ജീവിച്ച ഭക്തനായ മനുഷ്യൻ. പ്രളയത്തിനുശേഷം പെട്ടകത്തിൽ നിന്നും പുറത്തുവന്ന് മുന്തിരിവള്ളി നട്ടു വളർത്തിയപ്പോഴോ, മുന്തിരി പറിച്ചെടുത്ത് വീഞ്ഞ് ഉണ്ടാക്കിയപ്പോഴോ ഇത് ഒരു തലമുറയെ ശാപത്തിലേക്ക് കൊണ്ടെത്തിക്കും എന്ന് ഒരിക്കലും ചിന്തിച്ചു കാണുകയില്ല. പക്ഷേ സംഭവിച്ചത് നമുക്കറിയാം.

ദാനിയേൽ പ്രവചനം വായിക്കുമ്പോൾ ദാനിയേലിനേയും തന്റെ സ്നേഹിതന്മാരേയും പേരുമാറ്റത്തിലൂടെ ആഹാരമാറ്റത്തിലേക്കും ആരാധനാ മാറ്റത്തിലേക്കും കൊണ്ടെത്തിക്കുവാൻ പിശാച് ശ്രമിക്കുമ്പോൾ താനെടുത്ത തീരുമാനം ഇവമൂലം തന്നെത്താൻ അശുദ്ധനാവുകയില്ല എന്നു ഹൃദയത്തിൽ നിശ്ചയിച്ചു. ഈ നിശ്ചയം എല്ലാ ദൈവമക്കൾക്കും ഉണ്ടാവണം.

തങ്ങളുടെ പ്രസംഗക്കുറിപ്പുകൾ മൊബൈലിലാക്കി വിവിധ ശുശ്രൂഷകൾക്കായി വരുന്ന അനേകം വിശ്വാസികളുണ്ട്. എന്റെ ബഹുമാന്യ വായനക്കാർക്കെങ്കിലും ഇന്ത്യൻ പ്രസിഡന്റിന്റേയോ, പ്രധാനമന്ത്രിയുടേയോ മുറിയിലേക്ക് മൊബൈലുമായി ചെല്ലുവാൻ കഴിയുമോ ? വളരെ ദൂരത്തുവച്ചുതന്നെ സുരക്ഷാ ഉദ്യോഗസ്ഥന്മാർ അതു വാങ്ങിവക്കും.

കഴിഞ്ഞ 20 വർഷമായി കേരളത്തിലെ ജയിലുകളിൽ സുവിശേഷം അറിയിക്കുന്ന ഒരു സുവിശേഷകനെന്ന നിലയിൽ ഫോണുമായി ജയിലിനുള്ളിൽ പ്രവേശിക്കുവാൻ അനുവാദമില്ല. ഓഫ് ചെയ്തു പോക്കറ്റിൽ സൂക്ഷിച്ചുകൊള്ളാമെന്ന് ഉറപ്പുകൊടുത്താലും ഉദ്യോഗസ്ഥന്മാർ അനുവദിക്കുകയില്ല. അത് ജയിൽ കവാടത്തിലുള്ള ഉദ്യോഗസ്ഥരെ ഏൽപ്പിച്ചിട്ടു മാത്രമെ ജയിലിനുള്ളിൽ കടക്കുവാൻ നിയമമനുവദിക്കുന്നുള്ളു.

തലമുറയെക്കുറിച്ച് ചിന്തിക്കുവാൻപോലും നമുക്കു കഴിയുകയില്ല. എന്നാൽ അങ്ങിനെ സംഭവിച്ചാൽ പിശാചിന് സന്തോഷിക്കുവാൻ മറ്റെന്തുവേണം ? വിശ്വാസ സമൂഹത്തെ ഒരു വലിയ നാശത്തിലേക്കു കൊണ്ടെത്തിക്കുകതന്നെ ചെയ്യും.

ഉല്പ.: 9.21–ൽ ഭക്തനായ നോഹ വീഞ്ഞു കുടിച്ചു ലഹരിപിടിച്ച് കിടക്കുന്നതിനെക്കുറിച്ച് വായിക്കുന്നു. ദൈവത്തിന്റെ വലിയ ന്യായവിധിയെ നേരിൽ കാണുവാൻ കഴിഞ്ഞ വ്യക്തി. ആ കാലഘട്ടത്തിൽ ജീവിച്ച ഭക്തനായ മനുഷ്യൻ. പ്രളയത്തിനുശേഷം പെട്ടകത്തിൽ നിന്നും പുറത്തുവന്ന് മുന്തിരിവള്ളി നട്ടു വളർത്തിയപ്പോഴോ, മുന്തിരി പറിച്ചെടുത്ത് വീഞ്ഞ് ഉണ്ടാക്കിയപ്പോഴോ ഇത് ഒരു തലമുറയെ ശാപത്തിലേക്ക് കൊണ്ടെത്തിക്കും എന്ന് ഒരിക്കലും ചിന്തിച്ചു കാണുകയില്ല. പക്ഷേ സംഭവിച്ചത് നമുക്കറിയാം.

ദാനിയേൽ പ്രവചനം വായിക്കുമ്പോൾ ദാനിയേലിനേയും തന്റെ സ്നേഹിതന്മാരേയും പേരുമാറ്റത്തിലൂടെ ആഹാരമാറ്റത്തിലേക്കും ആരാധനാ മാറ്റത്തിലേക്കും കൊണ്ടെത്തിക്കുവാൻ പിശാച് ശ്രമിക്കുമ്പോൾ താനെടുത്ത തീരുമാനം ഇവമൂലം തന്നെത്താൻ അശുദ്ധനാവുകയില്ല എന്നു ഹൃദയത്തിൽ നിശ്ചയിച്ചു. ഈ നിശ്ചയം എല്ലാ ദൈവമക്കൾക്കും ഉണ്ടാവണം.

തങ്ങളുടെ പ്രസംഗക്കുറിപ്പുകൾ മൊബൈലിലാക്കി വിവിധ ശുശ്രൂഷകൾക്കായി വരുന്ന അനേകം വിശ്വാസികളുണ്ട്. എന്റെ ബഹുമാന്യ വായനക്കാർക്കെങ്കിലും ഇന്ത്യൻ പ്രസിഡന്റിന്റേയോ, പ്രധാനമന്ത്രിയുടേയോ മുറിയിലേക്ക് മൊബൈലുമായി ചെല്ലുവാൻ കഴിയുമോ ? വളരെ ദൂരത്തുവച്ചുതന്നെ സുരക്ഷാ ഉദ്യോഗസ്ഥന്മാർ അതു വാങ്ങിവക്കും. കഴിഞ്ഞ 20 വർഷമായി കേരളത്തിലെ ജയിലുകളിൽ സുവിശേഷം അറിയിക്കുന്ന ഒരു സുവിശേഷകനെന്ന നിലയിൽ ഫോണുമായി ജയിലിനുള്ളിൽ പ്രവേശിക്കുവാൻ അനുവാദമില്ല. ഓഫ് ചെയ്തു പോക്കറ്റിൽ സൂക്ഷിച്ചുകൊള്ളാമെന്ന് ഉറപ്പുകൊടുത്താലും ഉദ്യോഗസ്ഥന്മാർ അനുവദിക്കുകയില്ല. അത് ജയിൽ കവാടത്തിലുള്ള ഉദ്യോഗസ്ഥരെ ഏൽപ്പിച്ചിട്ടു മാത്രമെ ജയിലിനുള്ളിൽ കടക്കുവാൻ നിയമമനുവദിക്കുന്നുള്ളു. സർവ്വത്തിന്റെയും ഉടയവനായ കർത്താവിന്റെ സന്നിതിയിൽ ഫോണുമായി കടന്നുവരികയും ദൈവത്തിന്റെ സന്നിതിയെ അപമാനിക്കുംവിധം സംഭാഷണത്തിൽ ഏർപ്പെടുന്നതും അനുവദിച്ചുകൂട. ദൈവസഭക്കുള്ളിൽ ഐപാഡും മൊബൈലും നിരോധിക്കേണ്ടിയിരിക്കുന്നു. സഭയുടെ മൂപ്പന്മാരും സുവിശേഷകന്മാരും ഈ വിഷയത്തിൽ കർശന നിലപാട് എടുക്കേണ്ടിയിരിക്കുന്നു. ഒത്തുതീർപ്പ് മനോഭാവം വരുന്ന തലമുറയെ അപകടപ്പെടുത്തും. ദൈവത്തെയും സഭയേയും നിന്ദിക്കുന്ന നിലയിലായിത്തീരും. ഇതിനു കണക്കുകൊടുക്കുവാൻ മൂപ്പന്മാരും സുവിശേഷകന്മാരും ദൈവ മുമ്പാകെ നിൽക്കേണ്ടി വരും.

സഭ ജാഗരൂകരാകുക. ലോകത്തെ അതേ നിലയിൽ സഭയിലെത്തിക്കുന്ന പൈശാചിക കെണിയിൽ നാം പെട്ടുപോകരുത്. കർത്താവ് വരാൻ താമസിച്ചാൽ എന്തെല്ലാം അത്യാധുനിക സംവിധാനങ്ങൾ ദൈവസഭയിൽ പിശാച് എത്തിക്കും എന്നറിഞ്ഞുകൂടാ.

പ്രാർത്ഥനയും ജാഗ്രതയും ആവശ്യമായിരിക്കുന്നു.

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ–മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

# ഐ.പി.സി പെന്തകോസ്തു നേതാക്കളുടെ തെരഞ്ഞെടുപ്പും മത്സരവും

**നന്ദി: ക്രൈസ്തവ ചിന്ത**

ഐ.പി.സി, എ.ജി, ചർച്ച് ഓഫ് ഗോഡ്, റ്റി.പി.എം എന്നിങ്ങനെയുള്ള പെന്തകോസ്തു സഭകളിലും എനിയ്ക്കു ജാമക്കാരൻ വായനക്കാർ ധാരാളം ഉണ്ട്. അവർക്കുവേണ്ടി വാർത്തകളായി താഴെ പറയുന്ന കാര്യം ഞാൻ തെരഞ്ഞെടുത്തു. സഭാനേതാക്കളെ തെരഞ്ഞെടുക്കുന്ന സഭാംഗങ്ങൾ, കമ്മിറ്റിക്കാർ പ്രാർത്ഥനയോടും സാക്ഷിയോടും ഈ തെരഞ്ഞെടുപ്പു തുടങ്ങണം എന്ന് എന്റെ പേരിൽ അഭ്യർത്ഥിക്കുന്നു.

സംസ്ഥാന സെക്രട്ടറി സ്ഥാനത്തേക്കു കടുത്ത മത്സരത്തിനു സാദ്ധ്യതയില്ല. ശാന്തനും മാന്യനുമായ എം.പി ജോർജ്ജുകുട്ടി ഇതിനു മുമ്പെ സെക്രട്ടറി സ്ഥാനത്തേക്കു വരേണ്ടതായിരുന്നു. രാഷ്ട്രീയ അടിയൊഴുക്കിലും എതിരാളികളുടെ ശക്തമായ പ്രതിരോധത്തിലും തട്ടി നിസാര വോട്ടുകൾക്കാണ് എം. പി ജോർജ്ജുകുട്ടി സെക്രട്ടറി സ്ഥാനത്തേക്കു ജയിക്കാതെ പോയത്. ഒരു ഇസി വാക്കേവർ ആയിരിക്കും അദ്ദേഹത്തിന് ലഭിക്കുക.

**ഐപിസി തിരഞ്ഞെടുപ്പ് ഗോദ മുറുകുന്നു**

ഐപിസി ജനറൽ സംസ്ഥാന കൗൺസിലുകളിലേക്കുള്ള മത്സര രംഗം കൊഴുക്കുകയാണ്. 63 അംഗ സംസ്ഥാന കൗൺസിലിലേക്കും 84 അംഗം ജനറൽ കൗൺസിലിലേക്കുമാണ് തിരഞ്ഞെടുപ്പു നടക്കുന്നത്. 63 അംഗം സംസ്ഥാന കൗൺസിലിൽ 31 പേർ സഹോദരൻമാരാണ്. ഐപിസിയിൽ സഭാ വളർച്ചയിൽ മുഖ്യ പങ്കാളിത്തം വഹിക്കുന്നത് വിശ്വസികളാണ്. എജിയിലെ സൂപ്രണ്ടു പദവിയും ചർച്ച് ഓഫ് ഗോഡിലെ ഓവർസിയർ പദവിയും ഹിറ്റലറുടെ ഏകാധിപത്യത്തിലേക്കാണ് ആ സഭകളെ നയിച്ചുക്കൊണ്ടിരിക്കുന്നത്. പേരിനൊരു കമ്മിറ്റിയുണ്ടെന്നു മാത്രം.

എന്നാൽ ഐപിസിയിലെ ഭരണ പ്രാതിനിധ്യം സഹോദരൻമാർക്ക് കൂടി വീതം വച്ച് കൊടുക്കുന്നതുമൂലം ഓരോ ഐ.പി.സി കാരനും എന്റെ സഭ എന്ന അഭിമാനത്തോടും കാഴ്ചപ്പാടോടും കൂടിയാണ് പ്രവർത്തിക്കുന്നത്. കൂടുതൽ ജനാധിപത്യ സ്വഭാവം ഉള്ളത് ഐപിസി ഭരണ സമ്മിതിക്കാണ്.

മാർച്ച് 1 ന് ചൊവാഴ്ചസ്റ്റേറ്റ് കൗൺസിലിൽ സംസ്ഥാന തിരഞ്ഞെടുപ്പ് തിയതി തീരുമാനിക്കുമെന്നാണറിയുന്നത്. സംസ്ഥാന പ്രസിഡന്റായി പാസ്റ്റർ കെ.സി. തോമസ് തന്നെ മത്സരിക്കും. എതിർ സ്ഥാനാർത്ഥിയായി പാസ്റ്റർ ഫിലിപ്പ് പി.തോമസ് മത്സരരംഗത്തു ഉറച്ച് നിൽക്കുന്നതായിട്ടാണ് അണിയറ സംസാരം . ഭരണഘടന അനുസരിച്ച് കെ.സി. തോമസിന് ഒരു ടേം കൂടി മത്സരിക്കാം. ഇപ്രാവശ്യം ജയിച്ചാൽ പിന്നെ അടുത്ത തിരഞ്ഞെടുപ്പിൽ എക്സിക്യൂട്ടിവിലേക്കു മത്സരിക്കണമെങ്കിൽ ഒരു വേള മാറി നിൽക്കേണ്ടി വരും
അതുക്കൊണ്ട് കെ. സി. തോമസിന് ഒരു അവസരം കൂടി നൽകണമെന്ന ചിന്തിക്കുന്നവരും ധാരാളമാണ്.

വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കു പാസ്റ്റർ രാജു പൂവ്വക്കാലയും പാസ്റ്റർ സണ്ണികുര്യനും തമ്മിലായിരിക്കും മത്സരം.

സംസ്ഥാന സെക്രട്ടറി സ്ഥാനത്തേക്കു കടുത്ത മത്സരത്തിനു സാദ്ധ്യതയില്ല.ശാന്തനും മാന്യനുമായ എം.പി ജോർജ്ജുകുട്ടി ഇതിനു മുമ്പെ സെക്രട്ടറി സ്ഥാനത്തേക്കു വരേണ്ടതായിരുന്നു രാഷ്ട്രീയ അടിയൊഴുക്കിലും എതിരാളികളുടെ ശക്തമായ പ്രതിരോധത്തിലും തട്ടി നിസാര വോട്ടുകൾക്കാണ് എം. പി ജോർജ്ജുകുട്ടി സെക്രട്ടറി സ്ഥാനത്തേക്കു ജയിക്കാതെ പോയത്. ഒരു ഇസി വാക്കേവർ ആയിരിക്കും അദ്ദേഹത്തിന് ലഭിക്കുക.

പാസ്റ്റർമാരുടെ ഭാഗത്തുനിന്ന് ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരം ഉണ്ടാകുമെന്നാണു സൂചന. അങ്ങനെ വന്നാൽ പാസ്റ്റർ സി.സി. എബ്രഹാമും, പാസ്റ്റർ സാം ദാനിയേലും തമ്മിലാകും മത്സരം.

വിശ്വസികളുടെ ഭാഗത്തു നിന്നും ഐപിസി സംസ്ഥാന ഭരണ സമിതിയിൽജോയിന്റ് സെക്രട്ടറിമാരുണ്ട്. നിലവിലി◌ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്നത് പോലീസ് സബ് ഇൻസ്പെക്ടർ കൂടിയായ എൽ.കെ. റോയിയാണ്. മികച്ച ഉണർവ്വ് പ്രസംഗകനും കേരളത്തിലെ ആദ്യകാല പെന്തെക്കോസ്തു കുടുംബാംഗങ്ങളിൽ ഒരാളുമാണ്. എൽ.കെ. അദ്ദേഹത്തിനെതിരെ മത്സരിക്കുന്നത് മോനി കരിക്കം ആണെന്നാണ് കേൾക്കുന്നത്.

ഐപിസിയിൽ പണം കൈകാര്യം ചെയ്യുന്നത് വിശ്വസികളുടെ പ്രതിനിധിയാണ്. നിലവിലുള്ള കൗൺസിലിലെ ട്രഷറായി പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്നത് സണ്ണി മുളമൂട്ടിലാണ്. എന്നാൽ കുര്യൻ ജോസ് മത്സരത്തിനെത്തുന്നതേടെ ട്രഷർ സ്ഥാനത്തേക്കുള്ള മത്സരം രാഷ്ട്രീയക്കാരുടെ ഭാഷയിൽ പറഞ്ഞാൽ തീ പാറുന്ന പോരാട്ടമായി മാറും

ജനറൽ കൗൺസിലിലെക്കും ഉടനെ തിരഞ്ഞെടുപ്പ് നടത്തേണ്ടത് അനിവാര്യമാണ്. തിരഞ്ഞെടുപ്പ് തിയതി തീരുമാനിക്കാൻ ജനറൽ കൗൺസിലും മാർച്ച് 8 ന് നടക്കും.

വീണ്ടും ജനറൽ പ്രസിന്റായി പാസ്റ്റർ ജേക്കബ് ജോൺ തന്നെ മത്സരിക്കും. ഐപിസിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പണം വിദേശ മലയാളികളിൽ നിന്ന് ശേഖരിച്ചത് പാസ്റ്റർ ജേക്കബ് ജോണാണ്. അത്. ഐ.പി.സിയുടെ കെട്ടിടം പണിക്കുമൊക്കെയായി വിനിയോഗിച്ചതിൽ ഏറെ അപാകതകൾ ഉണ്ടായിട്ടുണ്ടെന്ന ആരോപണവും നിലനിൽക്കുന്നു. അഡ്മിനിസ്ട്രേഷനിൽ ജേക്കബ് ജോൺ വൻ പരാജയമായിരിക്കുമെന്ന് 2013 ലെ ജനറൽ കൗൺസിൽതിരഞ്ഞെടുപ്പ് കഴിഞ്ഞയുടനെ ഇറങ്ങിയ ക്രൈസ്തവ ചിന്തയിൽ ഞങ്ങൾ എഴുതിയിരുന്നത് വായനക്കാർ ഓർക്കുമല്ലോ.

അതേ സമയം വൽസൻ എബ്രഹാം ഐപിസിക്കു വേണ്ടി എന്തു ചെയ്തു എന്ന ചോദ്യം ഇന്നും ആവർത്തിക്കപ്പെട്ടുക്കൊണ്ടെയിരിക്കുന്നു. 2016 ലെ തിരഞ്ഞെടുപ്പിൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടാൽ ഐപിസിക്കായി തന്റെ ജീവിതം ഉഴിഞ്ഞുവെക്കാമെന്ന് തന്റെ അനുയായികളുടെ സമ്മേളനത്തിൽ താൻ പ്രഖ്യാപിച്ചതായിട്ടാണ് അറിവ്. പിന്നോക്ക ജില്ലകളിലേയും പാവപ്പെട്ട സഭകളിലേയും വോട്ടുകൾ ജേക്കബ് ജോണിനും സമ്പന്ന സഭകളിലെ വോട്ടുകൾ വൽസനും വീഴാനാണു സാദ്ധ്യത. ഭരണരംഗത്ത് കഴിവുള്ള നേതാവാണെന്ന കാര്യത്തിൽ സംശയമില്ല.

ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് പാസ്റ്റർ സാം ജോർജ്ജും പാസ്റ്റർ കെ,.സി.. ജോണും നേരിട്ട് മത്സരിക്കുമെന്നതിന്റെ സൂചനകളാണ് വന്നുക്കൊണ്ടിരിക്കുന്നത്. സ്വന്തമായി അധ്വാനിച്ചുണ്ടാക്കിയ പണം ഐപിസി ക്കായി വാരിക്കോരി നൽകിയ ആളാണു സാം ജോർജ്ജ്. ഐപിസി യുടെ വളർച്ചക്ക് കെ,.സി.. ജോൺ നൽകിയ സംഭാവനകളും തള്ളിക്കളയാനാവില്ല. ഇവർ രണ്ടു പേരും പരസ്പരം

## പോരടിക്കാതെ ഒരു സമവായത്തിനുള്ള സാദ്ധ്യതയും കണ്ടെത്തേണ്ടത് അനിവാര്യമാണ്.

ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് പാസ്റ്റർ വിൽസൺ ജോസഫ് മത്സരിക്കാൻ ഇല്ലെന്ന് ഷാർജയിൽ അദ്ദേഹത്തിന്റെ വീട്ടിൽ വച്ച് ക്രൈസ്തവ ചിന്തയോട് സൗഹൃദ സംഭാഷണ മദ്ധ്യേ സൂചിപ്പിക്കുകയുണ്ടായി. എങ്കിലും ജനറൽ കൗൺസിലിൽ മാന്യമായ ഒരു സ്ഥാനം അദ്ദേഹത്തിന്ലഭിക്കാൻ അർഹതയുണ്ടെന്ന കാര്യം മറക്കേണ്ടതില്ല.

ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്കുള്ള സ്ഥാനാർത്ഥികളെ വൽസൺ ഗ്രൂപ്പും ജേക്കബ് ജോണും ഇതുവരെ കണ്ടെത്തിയിട്ടില്ല.

ജനറൽ ട്രഷറാർ സ്ഥാനത്തേക്ക് ഇത്തവണ ത്രികോണ മത്സരമാണ് നടക്കാൻ സാദ്ധ്യത. അമേരിക്കൻ മലയാളി സഭകളുടെ പ്രവർത്തനങ്ങളിൽ മുമ്പിൽ നിൽക്കുന്ന രാജൻ ആര്യപ്പള്ളിൽ ആണ് സ്ഥാനർത്ഥികളിൽ ഒരാൾ. അഡ്വ. ജോൺസൺ ശാമുവേലും ഗൾഫ് വ്യവസായിസജി പോളുമാണ് മറ്റു സ്ഥാനാർത്ഥികൾ.

ജനറൽ കൗൺസിൽ കൂടി തിരഞ്ഞെടുപ്പ് തിയതികൾ പ്രഖ്യാപുച്ചു കഴിഞ്ഞയുടൻ തന്നെ തിരഞ്ഞെടുപ്പ് രംഗം ചൂടുപ്പിടിക്കും ഗ്രൂപ്പുകളിൽ നിന്ന് മറുകണ്ടം ചാടലും പിൻവാങ്ങലും പുതിയ സ്ഥാനാർത്ഥികളുടെ പ്രഖ്യാപനങ്ങളുമൊക്കെ ഉണ്ടയെന്നുവരാം.

ഐപിസി സേവ് ഫോം ഇതൊക്കെ നോക്കി കണ്ടുക്കൊണ്ടിരുപ്പാണ്. തെരഞ്ഞടുപ്പു ലടക്കുന്നതിൽ അവരുടെ നിലപാടുകൾക്കും ഏറെ പ്രസക്തിയുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

❖ അതുക്കൊണ്ട് മരിച്ചശേഷം ആത്മാവിന് സ്വർക്ഷത്തിലെത്തിക്കാനുള്ള പ്രാർത്ഥന വേണ്ടെന്ന് ഇടവക അച്ചനോട് പറഞ്ഞിട്ടുണ്ട്.

ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വർക്ഷവും നരകവും തെരഞ്ഞെടുക്കണം. പാപപങ്കിലമായ ജീവിതം നയിച്ച് മരിച്ചശേഷം ജീവിക്കുന്നവർ മരിച്ചവർക്കായി ചെയ്യുന്ന സ്വർക്ഷ പ്രാപ്തിക്കു വേണ്ടിയുള്ള ശുശ്രൂഷകൾ വ്യർത്ഥമാണ്. മരിച്ചാൽ ദഹിപ്പിക്കണം മരണാന്തര പ്രാർത്ഥന വേണ്ട
ജോസഫ് പുലിക്കുന്നേൽ

ജോസഫ് പുലിക്കുന്നേൽ, ധീരതയുടെ പര്യായം. കത്തോലിക്ക സഭയുടെ ബൈബിൾ വിരുദ്ധ ആചാരങ്ങളെ തുറന്നെഴുതിയ ആത്മയാൻ. ബിഷപ്പുമാരുടെ അപ്രമാദിത്വത്തെ പുലിക്കുന്നേൽ ചോദ്യം ചെയ്തു.

വിഗ്രഹാരാധനയും മറിയാരാധനയും റോമൻ പാഗൺ മതത്തിന്റെ അവശിഷ്ടമായി കാണാൻ ഒരു ചരിത്രകാരൻ കൂടിയായ പുലിക്കുന്നേലിന് മടിയുണ്ടയില്ല.

ഓശാനയുടെ ഓരോ ലക്കങ്ങളും മതമേധാവികളുടെ ഹൃദയത്തിൽ ചാട്ടുളിപോലെ തുളച്ചുക്കയറി. നവതിയിൽ എത്തിയ അദ്ദേഹം ഇന്ന് തീരെ അവശനാണ്.

ബരണങ്ങാനം ഓശാന മൗണ്ടിൽ താൻ തന്നെ സ്ഥാപിച്ച പാലിയേറ്റീവ് കെയർ സെന്ററിൽ പൂർണ്ണ വിശ്രമത്തിലാണ്. എഴുന്നേറ്റിരിക്കുവാനും നടക്കാനും പ്രയാസമുണ്ടെങ്കിലും വാക്കുകൾക്ക് തേച്ചുമിനുക്കിയ വാളിനേക്കാൾ മൂർച്ച. അദ്ധ്യാപകൻ, വിുമർശകൻ,

ബൈബിൾ പണ്ഡിതൻ,ചരിത്രകാരൻ, സാഹിത്യകാരൻ,സാമൂഹ്യ പ്രവർത്തകൻ , ബൈബിൾ വിവർത്തകൻ എന്നീ നിലകളിൽ ജോസഫ് പുലിക്കുന്നേലിന്റെ സ്ഥാനം അതുല്യമാണ്. കത്തോലിക്ക സഭ വചനാധിഷ്ടഠിത ആരാധനയിലേക്കും മടങ്ങിവരമമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. അതിനായിട്ടാണ് ഓശാനയുടെ താളുകൾ അഞ്ചു പതിറ്റാണ്ടോയി അദ്ദേഹം ഉപയോഗിച്ചുക്കൊണ്ടിരിക്കുന്നത്. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, പെരുന്നാളുകൾ, നോമ്പുകൾ, അസ്ഥി വണക്കം ശിശു സ്നാനം, മദ്ധ്യസ്ഥ പ്രാർത്ഥന, വിദ്യാഭ്യാസ കച്ചവടം, പ്രാർത്ഥനകൾക്കുള്ള പണം വാങ്ങൽ, മതമേധവികളുടെ ആഡംബര ജീവിതം, എന്നിവകൾക്കെതിരെയുള്ള ഓശാന വഴിയുള്ള എഴുത്തുകൾ സിംഹഗർജനസമാനമായിരുന്നു. മുമ്പൊരിക്കൽ ഞാൻ പുലിക്കുന്നേൽ സാറിന് കണ്ടപ്പോൾ ഒരു ഇന്റർവ്യുവിന് സമയം ചോദിച്ചിരുന്നു. ഓ. യെസ്, റസ്സൽ വിളിച്ചിട്ട് എപ്പോൾ വേണമെങ്കിലും വരു എന്നായിരുന്നു മറുപടി അനിൽ കൊടിത്തോട്ടത്തൊടൊപ്പം പോകാൻ പ്ലാൻ ചെയ്തിരുന്നെങ്കിലും സാധിച്ചില്ല. ഇതിനിടെ കഴിഞ്ഞ മാസം വയനാട്ടിൽ നിന്നും കെ. ജെ. ജോബും സംഘവും പുലിക്കുന്നേലിനെ സന്ദർശിക്കാൻ ഓശാന മൗണ്ടിൽ എത്തിയിരുന്നു. അപ്പോഴാണ് റസ്സൽ വരാമെന്ന് പറഞ്ഞിട്ട് വന്നില്ല എന്ന പരിഭവം അവരോടായി പറഞ്ഞത്. കുറ്റബോധത്തൊടെ ഞാനും ഓമനയും അദ്ദേഹത്തിന് കാണാൻ തൊട്ടടുത്ത ദിവസം എത്തി. ചരിത്രവും, കാണാപ്പുറങ്ങളും എന്ന ഓമനയുടെ പുസ്തകത്തിന്റെ അവതാരിക എഴുതിയത് ജോസഫ് പുലിക്കുന്നേൽ ആയിരുന്നു. ഓമനയുടെ ചരിത്രപരമായ കണ്ടെത്തലുകളെ അവതാരികയിലൂടെ അദ്ദേഹം വിമർശിക്കാൻ തയ്യാറായി എന്നതും പ്രത്രേകം ശ്രദ്ധേയമാണ്. സംസാരത്തിൽ അവ്യക്തതയുണ്ടെങ്കിലും എല്ലാം മനസ്സിലാകും. ക്രൈസ്തവ ചിന്തയുടെ പുതിയ ലക്കം കിടന്നുക്കൊണ്ട് ഓടിച്ചു നോക്കി. സഹായിയാണ് എല്ലാം വായിച്ചു കേൾപ്പിക്കുന്നത്. കോളേജ് അദ്ധ്യാപകനായി പൊതുജീവിതം തുടങ്ങിയ പുലിക്കുന്നേൽ സാർ ഇപ്പോഴത്തെ അദ്ധ്യാപന രീതിയും യു.ജി.സി. നിയമങ്ങളുമൊക്കെ ഓമനയിൽ നിന്നും ചോദിച്ചറിഞ്ഞു തന്റെ ഒരു സ്വകാര്യ കോളേജ് അദ്ധ്യാപകന്റെ സ്മരണകൾ എന്ന പുസ്തകം പ്രസിദ്ധമാണ്. കേരളാകോൺഗ്രസ്സിന്റെ ചരിത്രവും പുസ്തകമാക്കിയിട്ടുണ്ട്. കേരളകോൺഗ്രസ്സിന്റെ സ്ഥാപക വേളയിൽ അതിന്റെ ഭരണഘടന എഴുതി വായിച്ചതും പുലിക്കുന്നേൽ ആയിരുന്നു. അന്ന് കെ. എം മാണിക്ക് കേരളക്രോൺഗ്രസ്സുമായി ഒരു ബന്ധമുണ്ടായിരുന്നില്ല. സംസാരം ആത്മീയതയിലേക്കു കടന്നപ്പോൾ തന്റെ വിശ്വാസം ബൈബിൾ വാക്യം കൊണ്ട് തന്നെ അദ്ദേഹം വ്യാഖ്യാനിച്ചു തന്നു. വിശ്വാസത്താലുള്ള നീതീകരണം പല ബിഷപ്പുമാരും അംഗീകരിച്ചതായി അദ്ദേഹം ഞങ്ങളോടു പറഞ്ഞു. കർത്താവ് പാപികളെ രക്ഷിക്കാനാണ് വന്നത്. അത് സംഭവിക്കുന്നതു വിശ്വാസത്താലാണ്. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. എന്ന വേദപുസ്തക സത്യത്തെ താൻ അംഗീകരിച്ചു കഴിഞ്ഞതായി പുലിക്കുന്നേൽ അവകാശപ്പെട്ടു. ആത്മരക്ഷാ പ്രവർത്തിക്കൊണ്ടെല്ല ലഭിക്കുന്നത്. പ്രത്യുത വിശ്വാസം മൂലമാണ്. അതെനിക്ക് ലഭിച്ച് കഴിഞ്ഞു. താൻ സ്വർക്ഷരാജ്യത്തിനവകാശിയാണ്. അതുക്കൊണ്ട് കൂതാശകളിൽ വിശ്വസമില്ല. പുലിക്കുന്നേലിന്റെ വാക്കുകൾ സംശയമേയില്ല. അതുക്കൊണ്ട് മരിച്ചശേഷം ആത്മാവിന് സ്വർക്ഷത്തിലെത്തിക്കാനുള്ള പ്രാർത്ഥന വേണ്ടെന്ന് ഇടവക അച്ചനോട് പറഞ്ഞിട്ടുണ്ട്. ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വർക്ഷവും നരകവും തെരഞ്ഞെടുക്കണം. പാപപങ്കിലമായ ജീവിതം നയിച്ച് മരിച്ചശേഷം ജീവിക്കുന്നവർ മരിച്ചവർക്കായി ചെയ്യുന്ന സ്വർക്ഷ പ്രാപ്തിക്കു വേണ്ടിയുള്ള ശുശ്രൂഷകൾ വ്യർത്ഥമാണ്. തന്റെ ജീവിതത്തിന് താങ്ങും തണലുമായി നിന്നത് ഭാര്യയായിരുന്നു അവർ മരിച്ചത് പുലിക്കുന്നേലിന് താങ്ങാനാവാത്ത ദു: ഖമാണ് സമ്മാനിച്ചത്. ആയിരം നാവാണ് തന്റെ പ്രിയതമയെ അനുസ്മരിക്കുമ്പോൾ അദ്ദേഹത്തിന്. അവരുടെ മൃതശരീരം പള്ളികല്ലറയിൽ

അടക്കം ചെയ്തില്ല പകരം ദഹിപ്പിക്കുകയായിരുന്നു. ഇതും വിവാദമായിരുന്നു. തന്റെയും മൃതദേഹം ദഹിപ്പിച്ചാൽ മതിയെന്ന് മെത്രാനെ അറിയിച്ചിട്ടുണ്ട്. എന്തായിരുന്നു മെത്രാന്റെ മറുപടി ഞങ്ങൾ ആരാഞ്ഞു. അംഗീകരിച്ചോ എന്നറിയില്ല കത്തുകിട്ടി എന്നു രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഒരു കാലഘട്ടത്തിന്റെ ഇതിഹാസമായി മാരിയ ജോസഫ് പുലിക്കുന്നേൽ പാപപ്പെട്ടവർക്കായി താൻ തന്നെ കെട്ടിയുണ്ടാക്കിയ പാലീയേറ്റീവ് കെയർ സെന്ററിൽ വിശ്രമിക്കുകയാണ്. വിശ്വാസത്തൊടെ

പ്രത്യാശയൊടെ മടങ്ങവേയുള്ള ഞങ്ങളുടെ പ്രാർത്ഥനയെ അംഗീകരിച്ചതായി അമേൻ പറഞ്ഞതിൽ

നിന്നും ബോദ്ധ്യമായി. ബൈബിൾ കച്ചവടക്കാർക്കും പുലിക്കുന്നേൽ ഒരു പേടിസ്വപ്നമായിരുന്നു. അഞ്ഞൂറും ആയിരവും ബാബിൾ സൊസൈറ്റികൾ വേദപുസ്തകം വിറ്റ് കൊള്ളയടിക്കുമ്പോൾ പുലിക്കുന്നേൽ സാർ സമ്പൂർണ്ണ ബൈബിൾ വിറ്റു 30 രൂപയ്ക്ക്.

**ജോസഫ് പുലിക്കുന്നേൽ**

❖❖❖❖❖❖❖❖❖❖❖❖❖❖❖

# ജാമക്കാരൻ വായനക്കാർ തെരഞ്ഞെടുത്തു അയച്ചുതന്ന വാർത്ത

## ദൈവമഹത്വം തന്ത്രപരമായി തട്ടിയെടുക്കുന്ന വികാര ക്രൂസേഡുകാരെ അടിയന്തിരമായി ചങ്ങലയ്ക്കിടണം

പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നപ്പോൾ കൊടിയ കാറ്റടിക്കുന്നതു പോലെ മുഴക്കമുണ്ടായി. ഇന്നും പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ മുഴക്കമോ ശബ്ദമോ ഉണ്ടാകാം. അതും സമ്മതിക്കുന്നു. **പക്ഷേ ഇന്നത്തെ അൾട്രാ ഉണർവ്വുകാർ ഇപ്പറഞ്ഞതിന്റെ പാരഡികൾ എഴുന്നെള്ളിച്ചു നടന്ന് ദൈവനാമത്തെ ജാതികളുടെ നടുവിൽ അപമാനിക്കുകയാണ്. പരിശുദ്ധാത്മാവ് ഇന്ന് പലയിടത്തും പ്രവർത്തിക്കുന്നില്ല. പരിശുദ്ധാത്മാവ് വരരുതേ എന്നാണ് ഈ ക്രൂസേഡുകാരുടെ ഉള്ളിലെ പ്രാർത്ഥന എന്നു വേണം ഊഹിക്കാൻ.** കാരണം പരിശുദ്ധാത്മാവ് ഇറങ്ങിവന്നാൽ തങ്ങളുടെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുമല്ലോ. ദൈവത്തിനു കിട്ടേണ്ട മഹത്വം തന്ത്രപൂർവ്വം തങ്ങൾക്കായി തട്ടിയെടുക്കു ന്നത് **ഒന്നാമത്തെ പാപം.** മറ്റുള്ളവർ പട്ടിണി കിടക്കുമ്പോൾ, സുവിശേഷവേലയിലൂടെ ലഭിച്ച പണംകൊണ്ട് ആഡംബരജീവിതം നയിക്കുന്നത്, അതായത് യഥാർത്ഥ നീതി അവർ കാട്ടുന്നില്ല എന്ന **രണ്ടാം വിഭാഗത്തിൽപ്പെട്ട പാപം.** ഇതു രണ്ടും നിമിത്തം ന്യായവിധി തങ്ങൾക്കു വരാൻ പോകുന്നു എന്ന ബോധ്യം ശരിക്കും പരിശുദ്ധാത്മാവ് വന്നാൽ പിന്നെ ക്രൂസേഡുകാരന്, തന്റെ ജീവിതത്തിൽ, യേശുവിന് ഇഷ്ടമില്ലാത്തതായി പിടിച്ചുകയറ്റി വച്ചിരിക്കുന്ന തിന്മകളെച്ചൊല്ലി കരയാനേ കഴിയൂ പ്രസംഗിക്കാൻ പോലും കഴിയണമെന്നില്ല. അതിനാൽ തങ്ങളുടെ യോഗങ്ങളിൽ **പരിശുദ്ധാത്മാവ് വരണമെന്ന് അവർ ആഗ്രഹിക്കുന്നില്ല.** പക്ഷേ **ജനത്തെ കളിപ്പിക്കണമെങ്കിൽ** വരാത്ത **പരിശുദ്ധാത്മാവ് വന്നു എന്ന് നടിക്കണം**. അതെങ്ങനെ സാധിക്കും? **ഹൈവോൾട്ടേജിൽ പ്രവർത്തിക്കുന്ന ഒരു മൈക്കും, ഒരു പൊട്ടക്കീബോർഡും, മനുഷ്യന്റെ നെഞ്ചുതകർക്കുന്ന റിഥം ബോക്സും** ഉണ്ടെങ്കിൽ പരിശുദ്ധാത്മാവിന്റെ ഡ്യൂപ്ലിക്കേറ്റ് ഇവർ നിമിഷം കൊണ്ട് ഉണ്ടാക്കിയെടുക്കും. മൈക്കും കൊണ്ട് സ്റ്റേജിൽ ഓടി നടന്ന്, ജനത്തിന്റെ ഇടയിലേയ്ക്ക് എടുത്തുചാടി ജനത്തെക്കൊണ്ട് **സ്തുതിപ്പിച്ച്** മൈക്കിലൂടെ കാറിക്കൂവി ഉണർവ്വുണ്ടാക്കുന്ന വികാരജീവികൾ. ഇതാണ് പരിശുദ്ധാത്മാവ് എന്ന് ലോകത്തോടു പറഞ്ഞ് **പരിശുദ്ധാത്മാവിനെ അവഹേളിക്കുന്നവർക്ക്** ഒന്നുകിൽ **മൂത്തവട്ടാണ്** അല്ലെങ്കിൽ ഇവർ **പിശാചിന്റെ അജണ്ട നടപ്പാക്കാൻ അച്ചാരം വാങ്ങിയവരാണ്.**

## പബ്ലിസിറ്റി മുതൽ തുടങ്ങുന്ന ഇവരുടെ തന്ത്രങ്ങൾ

അത്ഭുതം പ്രവർത്തിക്കുന്ന യേശുവിനെയല്ല തങ്ങളെത്തന്നെ ഉയർത്തുന്നതാണ് എതിർക്രിസ്തുവിന്റെ ആത്മാവുള്ള ഈ കൃത്രിമ ഉണർവ്വുകളുടെ ഒന്നാം ലക്ഷണം. അത് അവരുടെ നോട്ടീസിലും പോസ്റ്ററുകളിലും ഒക്കെ കാണാം. ജാഡ കാണിക്കുന്ന രാഷ്ട്രീയക്കാരെ തോൽപ്പിക്കുന്ന കട്ടൗട്ടുകൾ റോഡു നീളെ ഉയർത്തുന്നു. തങ്ങളുടെ വീരേതിഹാസങ്ങൾ ജനത്തെ അറിയിക്കാനുള്ള മുൻ സംഭവ വിവരണങ്ങൾ നോട്ടീസിലും സപ്ലിമെന്റിലും ബ്രദർ സാജു പറഞ്ഞത് ഓർക്കുന്നു. ബഹറിനിലോ മറ്റോ ഒരു ക്രൂസേഡുകാരനു വേണ്ടി സംഘാടകർ ക്രമീകരണങ്ങൾ നടത്തുകയായിരുന്നു. അതിന് നോട്ടീസിൽ വയ്ക്കേണ്ട വാചകം അയാൾ തന്നെ അയച്ചുകൊടുത്തു. 'അനേകരെ സൗഖ്യമാക്കിയ ആൾ, അത്ഭുതം നടത്തിയ ആൾ, മരിച്ചവരെ ഉയർപ്പിച്ച ആൾ...' എന്നിങ്ങനെ പോകുന്നു വാചകങ്ങൾ. സംഘാടകർ ആലോചിച്ചിട്ട് 'മരിച്ചവരെ ഉയർപ്പിച്ച ആൾ' എന്നത് ഒഴിവാക്കി. ഇത് ക്രൂസേഡുകാരന് രസിച്ചില്ല. അയാൾ അതുംകൂടെ ചേർത്ത് യോഗത്തിനുമുമ്പ് വേറെ നോട്ടീസടിപ്പിച്ചു എന്നാണ് കേട്ടത്. എത്ര ഉറച്ചു നിന്നാലും ഒരു ശ്വാസം മാത്രമാകുന്ന **മനുഷ്യ കൃമിയുടെ അഹങ്കാരം** ഇതിൽ നിന്നും മനസ്സിലാക്കാം.

## പാട്ടുകാരുടെ പീഡനം

**ആധുനിക സംഗീത ഉപകരണങ്ങൾ ഇരപ്പിച്ച് മൈക്കിലൂടെ ജനത്തിന്റെ നെഞ്ചിലിടിച്ചു പീഡിപ്പിച്ചു നിർവൃതി കൊള്ളുന്ന പാട്ടുകാരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു.** കൺവെൻഷന് ഗാനശുശ്രൂഷ ഒരത്യാവശ്യമല്ലെങ്കിലും നിഷിദ്ധമല്ല. ഒരു നിയന്ത്രണവുമില്ലാതെ അലറുന്ന മൈക്കിലൂടെ ആരെയോ തോൽപ്പിക്കാനും എല്ലാം കൂടെ പിടിച്ചടക്കാനും എന്ന മട്ടിലുള്ള അഭ്യാസങ്ങൾ അനാവശ്യമാണ്. **ശബ്ദശല്യം നിമിത്തം പൊതുജനം മുഴുവൻ സുവിശേഷയോഗങ്ങളെ വെറുത്തു.** പരാതിപ്രകാരം അന്വേഷണം നടത്തിയ പോലീസിനോട് നാട്ടുകാർ ഒന്നടങ്കം പറയുന്നു ഇവർ ശല്യക്കാരാണ്. ഗാനശുശ്രൂഷയിൽ രണ്ടു പാട്ടുകളുടെ ഇടയ്ക്ക് ഒരു സമയത്ത് തുടർന്നുവരുന്ന പാട്ടിനെപ്പറ്റി ആഡിയൻസിനോട് വിശദീകരിക്കുന്ന ടീം മാനേജരുണ്ട്. ചില മാനേജർമാർ അറുബോറന്മാരാണ്. എൽ.പി സ്കൂളിലെ കുട്ടികളെ അദ്ധ്യാപകർ അച്ചടക്കം പഠിപ്പിക്കുന്നതു പോലെയാണിവർ വന്നിരിക്കുന്ന കേൾവിക്കാരോട് ഇടപെടുന്നത്. മൈക്ക് കയ്യിലെടുത്താലുടൻ അവർ വിളിച്ചു പറയുന്നു **'സന്തോഷമുള്ളവരെല്ലാം കൈകളുയർത്തി ദൈവത്തെ സ്തുതിച്ചാട്ടെ'** എല്ലാവരും കയ്യുയർത്തി ഹല്ലേലുയ്യ പറയണമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. എങ്ങനെയുള്ള സന്തോഷമാണെന്നറിയില്ല. തൊട്ടു മുമ്പു പാടിയ പാട്ടുകേട്ടു സന്തോഷിച്ചവർ എന്നാണ് ടീ മാനേജർ ഉദ്ദേശിക്കുന്നത്. അതിനിത്ര സന്തോഷിക്കാനും മാത്രം ഒന്നും ആ പാട്ടിലില്ലായിരുന്നല്ലോ. ഇത്തരക്കാർ പാടുന്ന മിക്ക പാട്ടുകളും യേശുവിൻ നാമം ഉയർത്തുക എന്നതിനെക്കാൾ തങ്ങളുടെ കഴിവുകൾ ജനമദ്ധ്യത്തിൽ വിളമ്പുക എന്ന ഉദ്ദേശ്യത്തിൽ പാടുന്നവയാണ്. ഇത് കേട്ട് സാമാന്യജനത്തിനു സന്തോഷമല്ല ഒരു തരം അറപ്പാണു തോന്നുക. മാരാമൺ കൺവെൻഷൻ പോലെ **മാതൃകാപരമായ ഗാനശുശ്രൂഷ** നടത്തപ്പെടുന്ന യോഗങ്ങൾ ഈ **ഡൈനാമറ്റ് ഗായകർ ഒന്നുപോയി കണ്ടെങ്കിൽ** – സന്തോഷമുള്ളവർ സ്തുതിച്ചാട്ടെ എന്ന മാനേജരുടെ ആജ്ഞ. അതിനോട് പ്രതികരിക്കുമ്പോൾ ഒരൽപം ശബ്ദം കുറഞ്ഞുപോയെങ്കിൽ ശകാരവർഷം മൈക്കിലൂടെ ആരംഭിക്കുകയാണ്. ശബ്ദം സുന്ദരമാണ്. അതേ സമയം ഒച്ച അരോചകമാണ്, അസുഖദായകമാണ്. നട്ട് ഇളകിയ ഏതോ പാശ്ചാത്യ റോക്ക് മ്യൂസിക്കുകാരെ മാതൃകയാക്കിയാണ് ക്രൂസേഡു ഗായകർ ആത്മാവിനെ സ്റ്റേജിലിറക്കുക. ഇതിന്റെയൊന്നും ആവശ്യം ഇവിടെയില്ല. **അരോചകമായ ഒച്ച ഉപയോഗിച്ച് ഉപജീവനം കഴിക്കുന്ന ഗായകസംഘങ്ങളെ നിയന്ത്രിക്കണം.** ഇവർ തങ്ങളുടെ ഒറ്റ പ്രോഗ്രാം കൊണ്ട് ജനങ്ങളുടെ മനസ്സിലേയ്ക്കുള്ള

സുവിശേഷത്തിന്റെ വാതിലടച്ചു ഭദ്രമാക്കിയ ദ്രോഹികളാണ്. നാട്ടുകാരിറങ്ങി തല്ലുന്നതിനുമുമ്പ് വെളിവുള്ള ദൈവമക്കൾ ഇവരെ കാര്യം പറഞ്ഞു ബോധ്യപ്പെടുത്തണം.

## ദൈവം ഇവിടെ ചിലരെ തൊടാൻ പോകുന്നു

വികാര ക്രൂസേഡുകാരുടെ നമ്പറുകളിൽ ഒന്നാമത്തേത് ഇതാണ്. സ്റ്റേജിൽ ചാടിക്കയറി മൈക്കു തട്ടിപ്പറിച്ച് മുമ്പിലെ മുനമ്പു വരെ വന്ന് ഒരലർച്ച – 'ദൈവം ചിലരെ തൊടാൻ പോകുന്നു'. ഇത് ഇവരെങ്ങനെ അറിഞ്ഞു? ദൈവം പറയാതെ അവർ അറിയില്ലല്ലോ. ദൈവം പറഞ്ഞതാണെങ്കിൽ അതങ്ങനെ തന്നെ സംഭവിക്കും. പറഞ്ഞത് അങ്ങനെ സംഭവിച്ചില്ലെങ്കിൽ ദൈവം പറയാത്തത് അവർ പറഞ്ഞു എന്നാണർത്ഥം. ഇതിനെയാണ് **നുണ** എന്നു പറയുന്നത്. അങ്ങനെ നുണ പറഞ്ഞുകൊണ്ടാണ് ശുശ്രൂഷ ആരംഭിക്കുന്നത്. ദൈവം രോഗിയെ തൊട്ടാൽ ഇങ്ങനെയാണോ സംഭവിക്കുക? ഒരു മൂക്കിൽപ്പനിയെങ്കിലും മാറിയെന്ന് വളരെ കഷ്ടപ്പെട്ടാണ് അവർ ചിലരെക്കൊണ്ടു പറയിപ്പിക്കുന്നത്. എന്നിട്ട് അതിന്റെ മഹത്വം എടുക്കുക. ഇത് ദൈവത്തെ അപമാനിക്കലാണ്.

## ആരെയും ഇക്കിളിപ്പെടുത്തുന്ന വാഗ്ദത്ത വചനങ്ങൾ

നുണ പറഞ്ഞു ജനങ്ങളെ കൊതിപ്പിച്ചിരുത്തിയനന്തരം തന്റെ വചനം അനുസരിക്കുന്നവർക്കായി ദൈവം വച്ചിരിക്കുന്ന വാഗ്ദത്തങ്ങൾ വചനത്തിലുള്ളത് ഒന്നൊന്നായി മനോഹരമായി അവതരിപ്പിക്കുകയായി. അത് മിക്കപ്പോഴും പഴയനിയമത്തിലുള്ള ആത്മീയ വാഗ്ദത്തങ്ങൾ മാത്രമായിരിക്കും. കേൾവിക്കാർക്കെല്ലാം, തങ്ങളുടെ യോഗത്തിനു സംബന്ധിക്കുന്നവർക്കെല്ലാം ഇത് ദൈവം കൊടുക്കാൻ പോകുന്നു എന്ന മട്ടിലാണ് അവതരണം. അങ്ങനെ തന്നെ ഒരാഴ്ച ഏതു തോന്ന്യവാസവും ചെയ്തേച്ചു വന്നവൻ മൈക്കിലെ **ശബ്ദത്തിനൊത്തു തുള്ളിയാൽ അവർ ആരാധിക്കുകയായിരുന്നു** എന്ന് പ്രസംഗകൻ വിധി പറയുന്നത് ആ അർത്ഥത്തിലാണ്. തങ്ങളുടെ യോഗത്തിന് ആളു കൂടണം, അതൊരു ക്രെഡിറ്റ്. പിന്നെ ആളു കൂടുമ്പം സ്തോത്രക്കാഴ്ചപാത്രവും നിറയും. ഇതു പ്രധാന ലക്ഷ്യം. ഇതിനായി സത്യം മറച്ചു വയ്ക്കുന്നു. നരകത്തിലേയ്ക്ക് ഒഴുകുന്നവരോടും ആ സത്യം പറഞ്ഞുകൊടുക്കാതെ അവരുടെ പണം പ്രതീക്ഷിച്ച് സാരമില്ല നാം സ്വർഗ്ഗത്തിലേയ്ക്കാണ് പോകുന്നതെന്ന് നുണ പറഞ്ഞ് അവരെ വഞ്ചിക്കുക. ഈ ദ്രോഹമാണവർ ചെയ്യുന്നത്. അല്ലെങ്കിൽ എത്ര കയ്പ്പുള്ളതായാലും സത്യം തുറന്നു പറഞ്ഞ് ആ പാവങ്ങളെ രക്ഷയിലേയ്ക്കു നടത്തുകയല്ലെ വേണ്ടത്? ദൈവം അനുഗ്രഹം വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഭൗതീകവും ആത്മീകവുമായ അനുഗ്രഹങ്ങൾ, ഇതിൽ ഭൗതീകം താൽക്കാലികവും ആത്മീക അനുഗ്രഹങ്ങൾ നിലനിൽക്കുന്നതുമാണ്. ഈ ആത്മീയ അനുഗ്രഹങ്ങളെ വേണം ഒരു പ്രസംഗകൻ ഉയർത്തിപ്പിടിക്കാൻ. അടുത്തത്, കാണുന്നവർക്കെല്ലാം ദൈവം അനുഗ്രഹം വാരിക്കോരി കൊടുക്കില്ല. അതിനു വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥകൾ ജനത്തോട് പറയാത്തവൻ അവരെ വഞ്ചിക്കുകയാണ്. കിട്ടും കിട്ടും എന്നു കൊതിപ്പിച്ചു കൊണ്ടിരിക്കും. വ്യവസ്ഥ പാലിക്കാത്തവരെ ദൈവം തിരിഞ്ഞുനോക്കുക പോലുമില്ല. ഒടുക്കം അവർ നരകം എന്ന വേതാളനരകത്തിൽ ഒടുങ്ങും. അവരുടെ രക്തം ഈ പ്രസംഗകരുടെ തലയിൽ വരും.

## ദൈവമഹത്വം മോഷ്ടിച്ചെടുക്കുന്നവർ

യോഗാവസാനത്തിൽ വികാരപ്രസംഗകരുടെ കലാശക്കൊട്ടു നമ്പർ അവർ ഇറക്കും. അതാണ് രോഗശാന്തി. രോഗമുള്ളവരെ മുമ്പോട്ടു വിളിക്കും. തല തൊട്ടു പ്രാർത്ഥിക്കും. പ്രാർത്ഥന കഴിഞ്ഞാലുടനെ ചോദ്യമായി ഇപ്പോഴെങ്ങനൊണ്ട്? ആളുകളെല്ലാം നോക്കിയിരിക്കുമ്പോൾ ഒരു നെഗറ്റീവ് മറുപടി പറയുന്നതെങ്ങനെ? പ്രാർത്ഥിച്ച ആളിനും വിഷമമാകുമെന്നു കരുതി അവർ മൈക്കിലൂടെ ഒരു നുണ പറയുന്നു. 'സുഖമായി'.

ഇത്രയും കേട്ടാൽ മതി പ്രസംഗകന്. കർത്താവ് ആ ആളിനെ സൗഖ്യമാക്കിയതിനായി സ്തോത്രം ചെയ്യാം. ജനമെല്ലാം അങ്ങനെ ചെയ്യുന്നു. ഇതിൽ മഹത്വമാർക്കാണ്? പ്രാർത്ഥിച്ചു സുഖം വരുത്തിയ ആളിന് അഥവാ സുഖം കിട്ടിയാൽ അത് മൈക്കിലൂടെ പറയിപ്പിക്കുന്നതെന്തിനാണ്? **യേശു എന്നെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടോ? ഒരിക്കലുമില്ല.** സൗഖ്യമായവരോട് ഇത് ആരോടും പറയരുത് എന്നാണ് കർത്താവ് കല്പിച്ചിട്ടുള്ളത്. ഗദരദേശത്തെ ഭൂതഗ്രസ്ഥനായിരുന്നവനോടു മാത്രം നീ വീട്ടിൽ ചെന്ന് പറയാൻ യേശു പറഞ്ഞുവിട്ടു. ശരിക്കും സൗഖ്യമായെങ്കിലേ വീട്ടിൽ പറയൂ. അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ല.

ഇന്നത്തെ ക്രൂസേഡുകാര് പലരും ശരീരത്തെ മൊഴ മാറ്റാൻ വിദഗ്ദരാണ്. ബാംഗ്ലൂരിൽ നിന്ന് രണ്ടു പ്രശസ്തർ വന്നിരുന്നു. അവരുടെ പ്രധാന ഐറ്റം കയ്യുടെ നീളം കൂട്ടുന്നതാ (പാസ്റ്റർ എം.എ. വർഗ്ഗീസ്, ബ്ര.റാം ബാബു എന്നിവർ ഇങ്ങനെ ചെയ്തതായി കേട്ടു) രണ്ടു കൈകളും നീട്ടിപ്പിടിച്ചിട്ട് ഇതാ കണ്ടോ ഈ കൈ മറ്റേക്കയ്യേക്കാൾ അര ഇഞ്ച് നീളം കുറവാ. യേശു ഇപ്പോൾ ഇത് നീളം കൂട്ടി മറ്റേ കൈ പോലെയാക്കും പിള്ളാര് കഞ്ഞീം കറീം വച്ച് അപ്പനും അമ്മയും കളിക്കുന്നതു പോലെയേ എനിക്കിതു തോന്നിയുള്ളൂ. ഈ നീളക്കുറവ് ആ ആളുപോലും അറിഞ്ഞിട്ടില്ല. അഥവാ അങ്ങനുണ്ടെങ്കിൽ തന്നെ അവർക്ക് യാതൊരു ബുദ്ധിമുട്ടും ശല്യവും ഇല്ല തന്നെ. പിന്നെ ഈ അത്ഭുതക്കാരൻ എന്തിനാണിതിനെ വലിയ കാര്യമായി അവതരിപ്പിക്കുന്നത്? മഹത്വമെടുക്കാൻ ദൈവനാമത്തെ അപമാനിക്കാൻ! ഇതൊക്കെയാണ് യേശു ചെയ്യുന്ന അത്ഭുതം എന്നു വരുത്താൻ. ഇത്രയൊക്കെയേ യേശുവിനു ചെയ്യാൻ കഴിയൂ എന്നു വരുത്തി അപമാനിക്കാൻ ഇതെല്ലാം ഈ മിടുക്കന്മാർ നിരീശ്വരവാദികളുൾപ്പെടെയുള്ള നാട്ടുകാരുടെ മുൻപിലാണ് ചെയ്തു ഞെളിയുന്നതെന്നോർക്കണം.

# ജനം സ്തുതിച്ചില്ലെങ്കിൽ അസ്വസ്ഥരാകുന്ന പ്രസംഗകർ

സ്തുതി ദൈവത്തിനു മാത്രമാണ്. തങ്ങൾ **ഒരു പോയിന്റു പറയുമ്പോൾ ജനം കയ്യടിച്ചു സ്തുതിച്ചു കൊടുക്കണം** എന്ന് നിർബന്ധമുള്ളവർ ആ സ്തുതി സ്വന്തം അക്കൗണ്ടിൽ നിക്ഷേപിക്കുന്നവരാണ്. ഇത് തിരിച്ചറിയണമെങ്കിൽ മറ്റൊരാൾ പ്രസംഗിക്കുമ്പോൾ ഈ ഉണർവ്വുകാര് അനങ്ങാതിരിക്കുന്നതു ശ്രദ്ധിച്ചാൽ മതി. സ്തുതി ദൈവത്തിനാണെന്നാ പറച്ചില്. പക്ഷെ ശരിക്കും അതെടുക്കുന്നത് ഈ പ്രസംഗകരാണ്.

## എന്താണ് പ്രതിവിധി


**ദ്രവ്യാഗ്രഹം മൂത്ത,** ദൈവമഹത്വം തട്ടിയെടുക്കുന്ന വികാരക്രൂസേഡുകാർ ഈ പ്രകടനങ്ങൾ സ്വന്തമായി നിർത്തുമെന്ന് ഒരിക്കലും പ്രതീക്ഷിക്കേണ്ട. ദൈവജനം മുന്നോട്ടു വന്നെങ്കിലേ ഇതു സാധിക്കൂ. **ഇത്തരക്കാരെ യോഗങ്ങൾക്കു വിളിക്കാതിരിക്കു.** അഥവാ വിളിച്ചാൽ അവരെ കാര്യം പറഞ്ഞു ബോധ്യപ്പെടുത്തുക. ആവശ്യത്തിലധികം മൈക്കു വയ്ക്കാതിരിക്കുക, **കയ്യടിച്ചുള്ള ആരാധനയും അന്യഭാഷയുമെല്ലാം മൈക്കിലൂടെ കേൾപ്പിക്കാതിരിക്കുക**. ഏതു യോഗം കഴിയുമ്പോഴും സംഘാടകരോടും പ്രസംഗകനോടും സംസാരിക്കുക. നല്ലതിനെ നല്ലതെന്നും, തീയതിനെ തീയതെന്നും അവരോടു തുറന്നു പറയുക. അഭിനന്ദിക്കേണ്ടതിനെ അഭിനന്ദിക്കുക. ഒഴിവാക്കേണ്ടതിനെ അവരെ ഓർമ്മപ്പെടുത്തുക. ദൈവത്തിനുള്ള മഹത്വം മറ്റാരും ഒരു രീതിയിലും തട്ടിയെടുക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക. അതിനായി പ്രാർത്ഥനയോടെ സംഘടിക്കുക.

**നാട്ടുകാരിറങ്ങി തല്ലുന്നതിനുമുമ്പ് വെളിവുള്ള ദൈവമക്കൾ ഇവരെ നിയന്ത്രിക്കണം. ഇവർ പിശാചിന്റെ മിഷണറിമാർ നിരവധി സ്ഥലങ്ങളിൽ ഇവർ നിമിത്തം സുവിശേഷത്തിന്റെ വാതിൽ അടഞ്ഞിട്ടുണ്ട്. മര്യാദയ്ക്ക് അടങ്ങിനിന്നു സുവിശേഷം പ്രസംഗിക്കുന്നവരെ പ്രോത്സാഹിപ്പിക്കാം.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മരണ അറിയിപ്പ്

മാർത്തോമാ സഭ ബിഷപ്പുമാരിൽ ഒരുത്തരും, ഞാൻ സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന ബിഷപ്പുമായ **സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ (ഉമ്മൻ കോരുത്)** അവർകൾ കഴിഞ്ഞ ഡിസംബർ മാസം കർത്താവിൽ നിദ്രപ്രാപിച്ചു. യഥാർത്ഥ ദൈവവേലക്കാരനും, യഥാർത്ഥ അദ്ധ്യക്ഷനും കുടുംബക്കാർക്കും ഉണ്ടായ ദുഃഖം ഞാനും പങ്കുവെയ്ക്കുന്നു. അദ്ദേഹത്തിന്റെ നല്ല സേവനത്തിനും, നല്ല മരണത്തിനുംവേണ്ടി ദൈവത്തെ സ്തുതിക്കുന്നു.



**APRIL 2016**

# Printed Book/Book Post

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.